

പുസ്തകം ൮൰) ഫൻഫനു ഫൊബ്രുവരി; (ലക്കം ൨.

മംഗളം.

തങ്കൽത്തിങ്ങിന ഭക്തിയോടവിരതം സേവിക്കുവോർക്കുള്ളോരാ-
തങ്കത്തെത്തപരിതം തുലച്ചു കുശലം നൽകുന്നലോകേശരീ
തങ്കത്താരടികുമ്പിട്ടുനാടിയനിൽത്തുക്കൺകടാക്ഷാമൃതം
തങ്കത്തക്കവിധംമദീയഹൃദയം ശുദ്ധീകരിക്കേണമെ!

തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള.

വി. മറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ.

ഈ മാസം ൨–ാംന്ന- കത്തോലിക്ക ദേവാലയങ്ങളിൽ ഭക്തിപൂർവ്വം ആഘോഷിക്കപ്പെടുന്ന തിരുനാൾ പരിശുദ്ധ കന്യകമറിയത്തിന്റെ ശുദ്ധീകരണ തിരുകർമ്മത്തിന്റെ സ്മരണക്കായിട്ടാണല്ലൊ. ഈ തിരുനാൾ കൊണ്ടാടപ്പെടുന്നതു ന. ക. പിറവി തിരുനാൾ കഴിഞ്ഞിട്ട നാല്പതാംപക്കമാകുന്നു. മൂശയുടെ പുസ്തകത്തിൽ പറയപ്പെടുന്നതുപോലെ യൂദന്മാരുടെ ക്രൂത്തിൽ ഒരു സ്ത്രീ ഒരു ആൺകുട്ടിയെ പ്രസവിച്ചാൽ അവൾ അശുദ്ധയായിരിക്കുമെന്നും, ശുദ്ധീകരണത്തിന്നായി ൪൦ ദിവസം കഴിഞ്ഞിട്ടു അവൾ ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ, വിമോചനത്തിന്നായും മറ്റും ചില ദാനങ്ങൾ അവിടെ നേർച്ചയായി സമർപ്പിക്കണമെന്നും ഉണ്ട്. പഴയ നിയമത്തിലെ ഈ പ്രമാണത്തെപോലും കൃത്യമായി നിറവേറുന്നതിന്നായി വി. മറിയവും അവളുടെ ഭർത്താവു വി. യൌസേപ്പും ദിവ്യ ഉണ്ണിയെ വഹിച്ചുംകൊണ്ട് ൟർശ്ലം ദേവാലയത്തിൽ പ്രവേശിച്ചു അവിടെ പതിവുള്ള ദിവ്യകർമ്മങ്ങളെ നടത്തിക്കൊണ്ടു മിശിഹായെ അവിടെ നിത്യപിതാവിന്നു സമർപ്പിച്ചു. നിത്യവെട്ടമായിരിക്കുന്ന ആ ദിവ്യപുത്രന്റെ ദേവാലയ പ്രവേശനത്തിന്റെയും, പുറപ്പാടിന്റെയും സ്മരണക്കായി മെഴുകുതിരികൾ ആശീർവ്വദിക്കപ്പെടുകയും വിശ്വാസികൾ ടി. തിരികൾ കത്തിച്ചു പിടിച്ചുകൊണ്ടു പ്രദക്ഷണം കഴിക്കയും ടി. സംഭവങ്ങളുടെ ചരിത്രമടങ്ങിയ ദൈവവാക്യങ്ങൾ ചേർത്തുണ്ടാക്കപ്പെട്ട സംഗീതങ്ങളെ തദവസരത്തിൽ പാടുകയും ചെയ്യുന്നു. പ്രിയരേ! മേൽ പറയപ്പെടുന്ന സംഗതിയുടെ സാരം എത്ര മഹത്തായ ഒന്നാണെന്നു അതിനെപ്പറ്റി ചിന്തിക്കുന്നവന്നു മാ

ത്രമെ മനസ്സിലാകയൊള്ളു. കത്തോലിക്കു വിശ്വാസികളായ നാം എല്ലാവരും ഈ തിരക്കേടുംബനിവാസികളുടെ സൽകൃത്യത്തെപ്പറ്റി വിചിന്തനം ചെയ്യുകയും കഴിയും വിധം അവരെ പിൻചെല്ലുന്നതിനു ശ്രദ്ധിക്കയുംവേണം. ഇവരുടെ സംഗതിയിൽ ഒരു കാര്യം പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ടു്. എന്തെന്നാൽ പരിശുദ്ധ കന്യാസ്ത്രീ മറിയം ജനനാൽ തന്നെ ശുദ്ധമുള്ളവളായിരുന്നതൊന്നു തന്റെ കന്യാത്വത്തിനു യാതൊരു ഭംഗം കൂടാതെ തന്റെ പ്രിയ പുത്രനായ മിശിഹായെ പ്രസവിക്കയാണു ചെയ്തിട്ടുള്ളതു്. അതിനാൽ അശുദ്ധകളായ സാധാരണ സ്ത്രീകൾ നടത്തേണ്ട ആചാരങ്ങൾക്കും ചട്ടങ്ങൾക്കും ഒരു വിധത്തിലും കീഴ്പെടേണ്ടവൾ അല്ലായിരുന്നു. ക്രൂശാതെയും ദൈവജനനിയായ തന്റെ മഹത്വത്തിനു ഈ കർമ്മം ചേരുന്നതുമല്ലായിരുന്നു. ഈ സ്ഥിതിക്കു അവിടുന്നു ഇതിനെ ഉത്സാഹത്തോടെ നിവൃത്തിച്ചതിൽനിന്നു പ്രമാണങ്ങൾ നിറവേറുന്നതിൽ അവിടുക്കുണ്ടായിരുന്ന താല്പര്യവും അവിടത്തെ താഴ്മയും എത്ര വലുതായിരുന്നുവെന്നു നമുക്കു മനസ്സിലാക്കാവുന്നതാണു്. വിശുദ്ധ കുടുംബം യാതൊരു വിധത്തിലും അവർ കടപ്പെടാത്ത സംഗതികൾക്കുടെയും കൃത്യമായി നിറവേറുന്നതു കാണുന്ന നാം ന്യായമായി ചെയ്യേണ്ട പല സംഗതികളേയും ഉപേക്ഷിക്കുന്നുയെന്നു വരുന്നതു ലജ്ജിക്കത്തക്ക ഒരു സംഗതിയാണു്. ഈ സ്ഥിതിക്കു പലപ്പോഴും ദൈവപ്രമാണത്തെയും, പള്ളിയുടെ കല്പനകളേയും ഗണ്യമാക്കാതെ പ്രവൃത്തിക്കുന്നവരെക്കുറിച്ചു എന്തു പറയേണ്ടിയിരിക്കുന്നു.

ഫാ. ഫ്രാൻ.

അമ്പതുനോമ്പു്.

ഈ ആണ്ടിൽ അമ്പതുനോമ്പു് തുടങ്ങുന്നതു് ഈ മാസാരംഭത്തിൽ തന്നെയാണെല്ലോ. നമ്മുടെ കർത്താവു നാല്പതു ദിവസം ഉപവസിച്ചുയെന്നു വേദപുസ്തകത്തിൽ പറയപ്പെടുന്ന സംഗതിയുടെ സ്മരണ സകല സത്യവിശ്വാസികളിൽ നില നിൽക്കുന്നതിന്നായി വി. തിരുസഭ ഈ വലിയനോമ്പു് അനുസരണത്തെ പ്രതിവത്സരം നമ്മിൽനിന്നും ആവശ്യപ്പെടുന്നു. ക്രൂശാതെയും അടുത്ത ആഘോഷിക്കപ്പെടുവാനിരിക്കുന്ന പെസഹാതിരുനാളിന്നുള്ള ഒരുക്കമായിട്ടു കൂടിയുമാണു് നാം നോമ്പു നോൽക്കുന്നതു്. മാംസം പല പ്രകാരത്തിലും മനുഷ്യന്റെ ശത്രുവായിരിക്കുന്നതിനാൽ അതിനേയും അതിന്റെ ദുരാശകളേയും ജയിച്ചടക്കുന്നതിന്നു് നോമ്പു് ആശ്രയമാണു്. ഒരുത്തന്റെ ശരീരസുഖങ്ങളിൽ ദൈവത്തെ ഓർക്കുന്നതും സൽകൃത്യങ്ങൾ അനുഷ്ഠിക്കുന്നതും വളരെ പ്രയാസമാണു്. അതിനാൽ ഉപവാസം വഴിയായി ശരീരത്തേയും നമ്മുടെ ദുരാശകളേയും എത്രമാത്രം അമർത്തുമോ അത്രയും എളുപ്പത്തിൽ ദൈവകാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിനും സൽകൃത്യങ്ങളെ ചെയ്യുന്നതിനും നാം പ്രാപ്തരാകുന്നു. എന്നാൽ ഉപവാസം വേണ്ടവിധം ഫലപ്രദമാകുന്നതിലേക്കു പ്രാർത്ഥന കൂടെ അതോടു ചേർക്കേണ്ടതാകുന്നുവെന്നു അറിഞ്ഞിരിക്കണം.

ഫാ. ഫ്രാൻ.

വിശുദ്ധ കുർബ്ബാന.

ഇസ്രായെൽ ജനങ്ങൾക്കു വനത്തിൽവെച്ചു ദൈവം അത്ഭുതമായി വർഷിപ്പിച്ചുകൊടുത്ത മന്നായെന്ന അപ്പം വിശുദ്ധ കുർബ്ബാനയുടെ ഏറ്റവും വിശിഷ്ടമായ ഒരു സാദൃശ്യമാകുന്നു. എങ്ങനെയെന്നാൽ, ദൈവത്തിന്റെ ജനമായ ഇസ്രായെൽക്കാർ തങ്ങളുടെ ക്രൂരങ്ങൾക്കു പുറവും ഉറച്ചു മഞ്ഞുകട്ടപോലെ നിർമ്മലമായ ഒരു സാധനം പെയ്തുകിടക്കുന്നതു കണ്ടു് അത്യാശ്ചര്യപ്പെട്ടു്, ഇതെന്തു് എന്നർത്ഥമുള്ള "മാനാ" എന്നു തമ്മിൽതമ്മിൽ ചോദിക്കയുണ്ടായി. അതിനാൽ അന്നുമുതൽക്കു് ആ സ്വർഗ്ഗീയ അപ്പത്തിനു മന്നാ എന്ന പേരും സിദ്ധിച്ചു. ഇപ്രകാരംതന്നെ സകല അത്ഭുതങ്ങളിലും വച്ചു് അത്യത്ഭുതകരമായ വിശുദ്ധ കുർബ്ബാനയെ ഈശോ

മ് ശിഹാ സ്ഥാപിച്ചു. ഇതിനാൽ ഈ വിശുദ്ധ കുർബാനയിൽ ദൈവം പ്രവൃത്തിച്ചിരിക്കുന്ന അത്ഭുതങ്ങൾ യാതൊരു സൃഷ്ടിക്കപ്പെട്ട ബോധത്തിലും അടങ്ങാത്തവണ്ണം അത്യുന്നതങ്ങളായ പരമരഹസ്യങ്ങളാകുന്നു. ഇതിനെ സൂചിപ്പിച്ചുകൊണ്ടാണു വിശുദ്ധ ദാവീദുനിവ്യാ ൧൦൫-ാം സങ്കീർത്തനത്തിൽ ദൈവം അങ്ങേ അത്ഭുതങ്ങളുടെ ഓർമ്മയെ ചെയ്തുവെന്നും അങ്ങേ ഭക്തന്മാർക്ക് ഭോജനം നൽകിയെന്നും പറഞ്ഞിരിക്കുന്നു.

പിന്നെയും മന്നാ ആകാശത്തിൽനിന്നു വീണ അപ്പമായിരുന്നു. അപ്രകാരം തന്നെ ദിവ്യകാരുണ്യത്തിൽ പ്രസന്നനായിരിക്കുന്ന ഈശോമ്ശിഹാ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയ ജീവനുള്ള അപ്പമാകുന്നു. മന്നാ ദിനംപ്രതി പെയ്തിരുന്നു. വിശുദ്ധ കുർബാനയും നമ്മുടെ ആത്മത്തിനുള്ള അനുദിന അപ്പമാകുന്നു. മന്നാ ഇസ്രായേൽക്കാർക്ക് മാത്രമെ കൊടുക്കപ്പെട്ടിരുന്നുള്ളു. വിശുദ്ധ കുർബാനയും ക്രൈസ്തവർക്കു മാത്രമെ നൽകപ്പെടുന്നുള്ളു. മന്നാ ഇസ്രായേൽ ജനങ്ങൾക്കു കൊടുക്കപ്പെട്ടത് ചെങ്കടലിൽക്കൂടി അവർ കടന്നതിനുശേഷം മാത്രമായിരുന്നു. ഇപ്രകാരം തന്നെ വിശുദ്ധ കുർബാനയും, ചെങ്കടലിൽക്കൂടിയുള്ള കടപ്പിനാൽ സാദൃശീകരിക്കപ്പെടുന്ന മാമ്മോദീസായുടെ ശേഷം മാത്രമെ ക്രിസ്തുവർക്കു പ്രദാനം ചെയ്യപ്പെടുന്നുള്ളു.

മന്നാ മറെറല്ലാവക ഭക്ഷണപദാർത്ഥങ്ങൾക്കും പകരമായി നൽകപ്പെട്ടതായിരുന്നു. ഇപ്രകാരംതന്നെ വിശുദ്ധ കുർബാന അതിവിശേഷമായ ഭോജനമാകുന്നു. അതു നമ്മുടെ സകല ആവശ്യങ്ങളേയും സമൃദ്ധിയായിവണ്ണം നിവൃത്തിപ്പാൻ തക്ക ഒരുപ്പമാകുന്നു. മന്നായ്ക്കു എതുമില്ലാത്ത എല്ലാരസവും ഉണ്ടായിരുന്നു. ഇപ്രകാരംതന്നെ വിശുദ്ധ കുർബാനയിലും സമസ്ത മാധുര്യവും ഉണ്ടായിരിക്കുന്നു. അതു ബലഹീനന്മാരെ ബലപ്പെടുത്തുകയും ദുഃഖിതന്മാരെ ആശ്വസിപ്പിക്കയും ബുദ്ധിയെ പ്രകാശിപ്പിക്കയും ഹൃദയത്തെ ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നു.

മന്നാ എതുമില്ലാത്ത രസകരമായ ഒരു പദാർത്ഥമായിരുന്നെങ്കിലും അതു മരണത്തെ തടഞ്ഞിരുന്നില്ല. എന്നാലൊ വിശുദ്ധ കുർബാന നിത്യജീവന്റെ അച്ചാരമാകുന്നു മന്നാ, ഇസ്രായേൽജനം വനത്തിൽ സഞ്ചരിച്ചിരുന്ന കാലത്തോളം വർഷിച്ചിരുന്നു. ഇപ്രകാരംതന്നെ മാനുഷവർഗ്ഗം ഈലോകമെന്ന വനത്തിൽ ജീവിക്കുന്ന കാലത്തോളം വിശുദ്ധ കുർബാന അവർക്ക് ഉണ്ടായിരിക്കുന്നതാണ്. എബ്രായക്കാർ വാഗ്ദത്ത ദേശത്തിൽ പ്രവേശിച്ചതിനുശേഷം മന്നാ അവർക്ക് സിദ്ധിച്ചിരുന്നില്ല. അതേപ്രകാരംതന്നെ നാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിച്ചുകഴിയുമ്പോൾ അഥവാ, നാം ഇപ്പോൾ ക്രൂദാശയുടെ മറവിൽക്കൂടി കാണുകയും കൈക്കൊള്ളുകയും ചെയ്യുന്ന നമ്മുടെ ദൈവത്തെ സ്വർഗ്ഗത്തിൽ അഭിമുഖമായി ദർശിപ്പാൻ ഭാഗ്യം സിദ്ധിച്ചുകഴിഞ്ഞാൽ പിന്നെ വിശുദ്ധ കുർബാന നമുക്ക് ആവശ്യപ്പെടുകയില്ല.

കടശി ഓർഡ്ലും ദേവാലയത്തിൽ വിശുദ്ധ പീഠത്തിന്മേൽ എല്ലായ്പോഴും വെക്കപ്പെട്ടിരുന്ന കാഴ്ചയപ്പങ്ങൾ വിശുദ്ധ കുർബാനയുടെ ഏറവും വ്യക്തമായ ഒരു സാദൃശ്യമായിരുന്നു.

എങ്ങനെയെന്നാൽ യൂദന്മാർ ദൈവത്തോടുള്ള തങ്ങളുടെ പരിപൂർണ്ണമായ ആശ്രയത്തിന്റേയും കൃതജ്ഞതയുടേയും നിത്യജ്ഞാപകമായി കാഴ്ചയപ്പങ്ങൾ എന്നു പറയപ്പെട്ടിരുന്ന പ്രസ്തുത അപ്പങ്ങൾ വിശുദ്ധ സ്ഥലത്തു ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. ഇപ്രകാരം കത്തോലിക്കു ദേവാലയങ്ങളിൽ, ദൈവത്തിന്റെ നേർക്കുള്ള നമ്മുടെ മുഴുവനായ ആശ്രയത്തിന്റേയും നന്ദിയുടേയും ശാശ്വതലക്ഷ്യമായി വിശുദ്ധ കുർബാന സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ക്രൂശതെ പ്രസ്തുത അപ്പങ്ങൾ പുളിപ്പില്ലാത്ത നിർമ്മല മാവുകൊ

ണ്ടു പട്ടക്കാരാൽ ഉണ്ടാക്കപ്പെട്ടവ ആയിരുന്നു. ഇപ്രകാരംതന്നെ നമ്മുടെ ദിവ്യകാരുണ്യ ഈശോയുടെ തിരുശ്ശരീരം പരിശുദ്ധകന്യകയുടെ വിമലരക്തംകൊണ്ടും ജന്മപാപത്തിന്റെയോ മറ്റേതെങ്കിലും മാലിന്യതയുടേയോ നിഴൽ തട്ടാതെയും ദിവ്യരൂഹാദ്ഭുതശായാൽ തന്നെ നിർമ്മിക്കപ്പെട്ടതാകുന്നു.

ഇസ്രായേൽക്കാരുടെ പന്ത്രണ്ടു ഗോത്രങ്ങളുടെ നാമത്തിൽ പന്ത്രണ്ടു അപ്പങ്ങൾ പ്രതിദിനം ദൈവത്തിനു കാഴ്ച വെച്ചിരുന്നു. അതേപ്രകാരം സകല ക്രൈസ്തവരുടേയും നാമത്തിൽ പ്രതിദിനം വിശുദ്ധ കുർബ്ബാനയിൽ ദിവ്യരക്ഷകന്റെ തിരുശ്ശരീരം പിതാവായ സർവ്വേശ്വരനു അർപ്പിക്കപ്പെടുന്നു. പഴയനിയമത്തിൽ പട്ടക്കാർക്കുമാത്രമെ കാഴ്ചയപ്പങ്ങളെ ഉണ്ടാക്കുവാനധികാരമുണ്ടായിരുന്നുള്ളു. പുതിയനിയമത്തിലും പട്ടക്കാർക്കുമാത്രമെ ഈശോമ്ശിഹായുടെ തിരുശ്ശരീരം കൃദാശചെയ്യാൻ അധികാരമുള്ളു.

കടശി, കാഴ്ചയപ്പങ്ങളിന്മേൽ മേത്തരം സുഗന്ധവർഗ്ഗങ്ങൾ അടങ്ങിയ ഒരു പൊൻപാത്രം വച്ചിരുന്നു. ഇതിൻ പ്രകാരം നാം വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുമ്പോൾ നമ്മുടെ ആത്മാവിനെ ഉപവിവഴിയായി ഒരു സ്വർണ്ണപാത്രത്തിനു തുല്യമാക്കിത്തീർക്കയും സ്തോത്രപ്രകരണങ്ങൾ, ജപതപങ്ങൾ ആദിയായ സുഗന്ധവർഗ്ഗങ്ങൾകൊണ്ടു അതിനെ നിറയ്ക്കുകയും ചെയ്യേണ്ടതാകുന്നു.

വിശുദ്ധ കുർബ്ബാനയെപ്പറ്റി വേറെയും അനേകം ഉപമകളും സാദൃശ്യങ്ങളും വിശുദ്ധ വേദാഗമത്തിൽ പറയപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽപ്രസ്താവിച്ചവകളിൽനിന്നു ഈ പരമകൂദാശയുടെ ഔന്നിത്യമഹിമയും അതിനെ കൈക്കൊള്ളുന്നതിൽ നാം ചെയ്യേണ്ടിയ ഒരുക്കത്തിന്റെ ആവശ്യകതയും എത്രത്തോളം ഗൌരവമേറിയതാകുന്നു എന്നു ഒരുവിധം വ്യക്തമായി ഗ്രഹിക്കാവുന്നതാണ്. ആകയാൽ കൂടുതൽ ദൃഷ്ടകങ്ങളെ വിസ്തരിക്കാതെ ഇനി വിശുദ്ധ കുർബ്ബാനയുടെ പ്രകൃതിയേപ്പറ്റി മുമ്പുത്തിൽ വിവരിപ്പാൻ കരുതുന്നു.

ഫാദർ .ഇ.ഡ

"അത്ഭുത കാഴ്ചദ്രവ്യം."

"ജന്മപാപമില്ലാതെ ഉത്ഭവിച്ച ശു. മറിയമെ നിന്റെ സങ്കേതം തേടുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ" എന്ന ഈ ചെറിയ ജപം, ദൈവജനനി, തന്നെ തിരഞ്ഞെടുത്തതും അയതിനെ ജപിക്കുന്നവർക്കു കണക്കില്ലാത്ത വരപ്രസാദങ്ങളെ പ്രാപിച്ചുകൊടുക്കുന്നതും, പ്രത്യേകം പാപികൾക്കു മനസ്സുതിരിയുന്നതിനു വേണ്ടുന്ന സഹായം നൽകുന്നതും ആണെ; അയതു ഈ താഴെ പറവാൻ പോകുന്ന സംഭവത്തിൽ നിന്നു തെളിവാകുന്നതാണ്:

ഒരു ദിവസം ആത്മപാലകനായ ഒരു നല്ല പട്ടക്കാരൻ തന്റെ ഭരണത്തിൻകീഴുള്ള ജനങ്ങൾക്കു മേൽ പറഞ്ഞ ജപം അടങ്ങിയതായ ഏതാനും ചില അത്ഭുത കാഴ്ചദ്രവ്യങ്ങൾ കൊടുത്തു ഇപ്രകാരം പറഞ്ഞു. 'പ്രിയസഹോദരന്മാരെ, നിങ്ങൾക്കു പരിചയമുള്ളവരിലോ നിങ്ങളുടെ സ്നേഹിതന്മാരിലൊ സംബന്ധക്കാരിലൊ വല്ലൊരുവൻ സന്മാർഗ്ഗത്തെ ഉപേക്ഷിച്ചു പാപവഴിയിൽ നടക്കുന്നതായി നിങ്ങൾക്കു അറിവുണ്ടെങ്കിൽ, അവൻ "ജന്മപാപമില്ലാതെ ഉത്ഭവിച്ച ശു. മറിയമെ! നിന്റെ സങ്കേതം തേടുന്ന ഞങ്ങൾക്കുവേണ്ടിയപേക്ഷിക്കേണമെ" എന്ന ഈ ചെറിയ ജപം മൂന്നു പ്രാവശ്യമെങ്കിലും ഭക്തിയോടെ എത്തിക്കുന്നതിനു വല്ലവിധേന ഇടവരുത്തുവിൻ, അവൻ നിശ്ചയമായി ദുർവ്വഴിയെ ഉപേക്ഷിക്കുന്നതിനു ദൈവജനനി സഹായിക്കുമെന്നു നിങ്ങളോടു ഞാൻ പറയുന്നു.'

അവിടെ കൂടിയിരുന്നവരിൽ, ഏക

ദേശം ഏഴുവയസ്സു പ്രായമുള്ള ഒരു പെൺപൈതൽ ഗുരുവിന്റെ ഈ സദുപദേശത്തെ കേട്ടു തന്നത്താൻ ഇപ്രകാരം പറഞ്ഞു. "എന്റെ അപ്പൻ ഇതു നല്ല ദൈവത്തെ സ്നേഹിക്കാതെ ദുഷ്ടവഴിയിൽ നടക്കുകയാണല്ലൊ! എത്ര നാളായി അയാൾ പള്ളിയിൽ പ്രവേശിച്ചിട്ട്! ഒരു ഉപദേശം കേട്ടിട്ട്! ഈ സ്ഥിതിയിൽ മരിച്ചാൽ നിത്യമായി നശിച്ചുപോകുമല്ലൊ..! അയ്യൊ കഷ്ടം! എങ്ങിനെയാണ ഞാൻ ഈ ഉപദേശം അയാളെ മനസ്സിലാക്കി ഈ ജപം ഉച്ചരിപ്പിക്കേണ്ടതു്! അതാണല്ലൊ പ്രയാസം, ഇരിക്കട്ടെ, വഴിയുണ്ടു്." "

പൈതൽ വിട്ടിൽ പ്രവേശിച്ച ഉടനെ സന്തോഷഭാവത്തോടെ തനിക്കു കിട്ടിയ കാഗുരുവവും കൊണ്ടു അപ്പന്റെ അടുക്കൽ ഓടിച്ചെന്നു "അപ്പാ! നമ്മുടെ വികാരി അച്ചൻ ഇന്നിക്കു ഒരു കാഗുരുവം തന്നു; ഇതാ നോക്കു, എന്താണു് അതിന്റെ പുറവിലും എഴുതിയിരിക്കുന്നതെന്നു വായിക്കു" ഇപ്രകാരം പൈതൽ 'ജന്മപാപമില്ലാതെ ഉത്ഭവിച്ച ശു. മറിയമെ നിന്റെ സങ്കേതം തേടുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ' എന്ന ജപം തന്റെ അപ്പൻ ഒരിക്കൽ ഉച്ചരിക്കുന്നതിനു ഇടയാക്കി, കുറെ കഴിഞ്ഞതിന്റെ ശേഷം അവൾ സന്തോഷത്താലെ ചാടികളിച്ചുകൊണ്ടു പിതാവിനോടുവീണ്ടും പറയുന്നു. "അപ്പാ എന്റെ കാഗുരുവം കണ്ടുവോ? അതു എത്രയൊ നല്ലതു്! അതിൽ എഴുതിയിരിക്കുന്നതു ഒന്നുകൂടെ വായിച്ചുകേൾക്കട്ടെ." "ചെ! എന്നെ അലട്ടാതെ; നിനക്കു കാഗുരുവം കിട്ടിയെങ്കിൽ ഞാൻ എന്തുചെയ്യണം? ഇനി അതിനെ കുറിച്ചു ഒരു അക്ഷരം മിണ്ടരുതു്" എന്നു അപ്പൻ കോപത്തോടെ പറഞ്ഞു. മകളൊ എന്നാൽ അപ്പന്റെ കോപഭാവത്തെ ഗണ്യമാക്കാതെ മുൻപറഞ്ഞ ജപത്തെ വീണ്ടും വായിക്കുന്നതിനു ഉത്സാഹിപ്പിച്ചു തുടങ്ങി. ഈ അസഹ്യത്തിൽ നിന്നു ഒഴിയുന്നതിനായി 'ജന്മപാപമില്ലാതെ ഉത്ഭവിച്ച ശു. മറിയമെ! നിന്റെ സങ്കേതം തേടുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ' എന്ന രണ്ടാം പ്രാവശ്യം അയാൾ ഉച്ചരിച്ചു. അപ്പോൾ ആ പൈതൽ 'മതി, ഇന്നു ഇതുയും ആയല്ലൊ ഇതുകൊണ്ടു തൃപ്തിയാകാം' എന്നു പറഞ്ഞു ആശ്വസിപ്പാൻ പോയി. എന്നാൽ ആ രാത്രി, ദൈവജനനിയെ! നല്ല അമ്മെ! എന്റെ അപ്പൻ നിത്യരക്ഷ പ്രാപിക്കുന്നതിനായി നാളെ ഒന്നുകൂടെ ഈ ജപം എത്തിക്കുന്നതിനു ഇടയാക്കേണമെ എന്നു കൂടെക്കൂടെ മുട്ടിപ്പായി അപേക്ഷിച്ചിരുന്നു. പിറേറ ദിവസം വല്ല സ്നേഹഭാവത്തോടെ തന്റെ സമ്മാനവും എടുത്തുകൊണ്ടു പിതാവിന്റെ അടുക്കൽ ചെന്നു ഇപ്രകാരം പറഞ്ഞു. "അപ്പാ എന്റെ കാഗുരുവം കണ്ടുവൊ അപ്പോൾ അയാൾ കോപനിമിഗ്നനായി പോ, നിന്റെ കാഗുരുവവുംകൊണ്ടു്" മകൾ "ഹാ ഇതു എത്രയൊ ഭംഗിയുള്ളതു്, ഇതിന്റെ പുറവിലും എഴുതിയിരിക്കുന്നതു ദയവായി ഒന്നു വായിക്കേണമെ" എന്നു അപേക്ഷിച്ചു. തന്റെ സ്നേഹപുരിയുടെ അതിയായ നിബ്ബന്ധത്താൽ "ജന്മപാപമില്ലാതെ ഉത്ഭവിച്ച ശു. മറിയമെ നിന്റെ സങ്കേതം തേടുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ" എന്ന മൂന്നാം പ്രാവശ്യവും അയാൾ ഉച്ചരിച്ചു. മകൾ സന്തോഷത്താലെ കുതിച്ചുചാടി പറഞ്ഞതായതു് "ഹാ ഇന്നിക്കു എന്തൊരു ആനന്ദം എന്റെ അപ്പൻ എന്നോടുകൂടെ മോക്ഷത്തിൽ പോകുമെന്നു ഇന്നിക്കു നല്ല ഉറപ്പുണ്ടു്. എന്തെന്നാൽ വികാരിഅച്ചൻ 'കുറഞ്ഞാൽ മൂന്നുപ്രാവശ്യമെങ്കിലും "ജന്മപാപമില്ലാതെ ഉത്ഭവിച്ച ശു. മറിയമെ നിന്റെ സങ്കേതം തേടുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ,, എന്നു ചൊല്ലുന്നവർ ദൈവജനനിടെ സഹായത്താൽ നല്ലവഴിക്കു തിരിയുകയും ഈ നാഥ അവരെ മോക്ഷത്തിൽ കൊണ്ടുപോകയും ചെയ്യും.' എന്നു പറഞ്ഞല്ലൊ അ

വളുടെ അപ്പൻ ഇതെല്ലാം കേട്ടിട്ടും തനിക്ക് ഒന്നും മനസ്സിലായില്ലെങ്കിലും കുറെമണിക്കൂറുകൾ കഴിഞ്ഞശേഷം മകളെ വിളിച്ചു "നമ്മുടെ വികാരിയച്ചൻ എവിടെയാണ് എനിക്ക അദ്ദേഹത്തെ ഒന്നു കാണണം,, എന്നു പറഞ്ഞു. വൈതൽ ഇതു കേട്ട അപ്പൻ രണ്ടാമതായി ഒന്നു ചോദിക്കുന്നതിനു പാത്തിരിക്കാതെ പുലർകാലെ അയാളെ പള്ളിയിലേക്ക് കൊണ്ടുപോകുയും ചെയ്തു. അയാൾ തന്റെവഴിയെ ഉപേക്ഷിച്ചു തന്റെ കഠിനപാപങ്ങളെപ്പറ്റി മനസ്താപപ്പെട്ടു നല്ല പാപസംകീർത്തനം കഴിച്ചു ദിവ്യകാരുണ്യത്തിനു അണകയും ചെയ്തു.

Fr. J. A. C.

ശുദ്ധീകരസ്ഥലത്തിലെ വേദന.

ഒരാൾ എത്രമാത്രം ഗുണവാനും യോഗ്യനുമായിരിക്കുന്നുവൊ അത്രയും അധികമായ ക്ലേശം അയാൾ നഷ്ടമായിപോകുന്നപക്ഷം നമുക്കുണ്ടാവുന്നതാണ്. ദൈവത്തെ ദർശിക്കുന്നതിനു വഹിയാത്തതിനാൽ ശുദ്ധീകരസ്ഥലത്തിലെ ആത്മാവുകൾക്കു സംഭവിക്കുന്നതും ഇങ്ങനെതന്നെ ആകുന്നു. ജീവിതകാലത്തിൽ ബുദ്ധിയുടേയും വിശ്വാസത്തിന്റേയും വെളിച്ചത്താൽ അപൂർണ്ണമായ ഒരുവിധത്തിൽ മാത്രമെ നാം ദൈവത്തെ അറിയുന്നൊള്ളു. എന്നാൽ ഈലോകത്തെ വിട്ടുപിരിയുമ്പോൾ ദൈവത്തേക്കുറിച്ചുണ്ടാകുന്ന അറിവു ഏറ്റം പൂർണ്ണമായുള്ളതാകുന്നു. തന്നിമിത്തം ആ സുന്ദരനെയെ മുഖമുഖമായി ദർശിക്കുന്നതിനുള്ള ആശയും അത്യധികമായി വർദ്ധിക്കയാണ ചെയ്യുന്നത്. ശുദ്ധീകരണസ്ഥലത്തിൽ ബന്ധിക്കപ്പെട്ടുന്ന ആത്മാവുകൾക്കു ഈ ആശയെ നിവൃത്തിക്കുന്നതിനു പാടില്ലാത്തതിനാലുള്ള അസ്വാസ്ഥ്യമാണ് ആ പാവാവിലെ എത്രയും വലിയ പീഡ.

കീർത്തിപെട്ട വേദശാസ്ത്രികളോടുകൂടെ വി. ലിഗോരി, ഈ വേദന അവർ സഹിക്കുന്ന വേദനകളിൽ ഏറ്റം വലിയ വേദനയെന്നു പഠിപ്പിക്കുന്നു. വിശുദ്ധന്റെ വാക്കുകളെത്തന്നെ കേട്ടാലും: "അഗ്നി, ഇരുട്ട്, അസഹ്യത മുതലായതു സാക്ഷാൽ വലിയ വേദനകൾതന്നെ. എന്നാൽ എല്ലായിലും വലിയ വേദന, ദൈവത്തിൽ നിന്നകന്ന് അങ്ങേ ദർശിക്കാൻ പാടില്ലാതിരിക്കുന്നതാകുന്നു. സർവ്വനന്മയോടു യോജിക്കുന്നതിനു, അവരുടെ സ്വഭാവവൈക്ഷം മാത്രമല്ല അവരുടെ ഹൃദയത്തിൽ ജ്വലിച്ചെരിയുന്ന അതിസ്വഭാവികമായ ദിവ്യസ്നേഹാഗ്നിയും അവരെ അത്രയും ശക്തിയോടെ നിർബന്ധിക്കുന്നു. പക്ഷെ അവരുടെ പാപങ്ങൾ മുഖാന്തിരം നിവൃത്തിയില്ലല്ലൊ എന്നുകണ്ട് അതികഠോരമായ വേദന അനുഭവിക്കുന്നതിനാൽ പാട്ടുണ്ടായിരുന്നു എങ്കിൽ മരിച്ചുപോകുമായിരുന്നേനെ." ഇതിനാൽ ഒരു നരകത്തിന്റെയല്ല ആയിരം നരകങ്ങളുടെപോലും വേദനദൈവത്തെ ദർശിക്കുവാൻ സാധിക്കാത്തതിൽ നിന്നുണ്ടാകുന്ന സങ്കടത്തോളം വരികയില്ലെന്നു വി. ക്രിസോസ്റ്റോമോസ് ഉറപ്പായി പറയുന്നു.

ജെനുവയിലെ വി. കത്രീനാ വിശദമായി പറയുന്നതിനെ കേട്ടുകൊൾവിൻ. "ലോകത്തിൽ ഒരപ്പനുമാത്രമെയുള്ളു എന്നു വിചാരിക്ക. ആ അപ്പനെ കണ്ടാൽമാത്രം എല്ലാവരുടേയും ക്ഷുദ്ര നീങ്ങിപ്പോകും, ഈ അപ്പന്റെ കാഴ്ച്ചയല്ലാതെ മറ്റു യാതൊന്നും ഒരുത്തരേയും തൃപ്തിപ്പെടുത്തുന്നതിനു പാടില്ല എന്നു അറിയുന്നെങ്കിൽ ഒരാൾ എത്ര വലിയ താല്പര്യത്തോടെ ഈ അപ്പനെ അന്വേഷിക്കും. ഈ അപ്പനെ കാണുന്നതിനു അവനു ഒരിക്കലും ഇടവരികയില്ലെന്നു അറിയുന്നെങ്കിൽ ഇതുതന്നെ അവനൊരു നരകമായിരിക്കയും സാക്ഷാലുള്ള അപ്പനും ദിവ്യരക്ഷകനും ആയ ദൈവത്തെ എപ്പോഴെങ്കിലും കാണാമെന്നുള്ള ശരണമില്ലാത്ത നരകവാസികളെപ്പോ

ലെ ആയിത്തീരുകയും ചെയ്യുന്നു.”

എന്നാൽ ശുദ്ധീകരസ്ഥലത്തിലെ ആത്മാവുകൾക്കു ആ അപ്പത്തെ ഒരുദിവസം കണ്ടു തൃപ്തിപ്പെടാമെന്നുള്ള ശരണമുണ്ടു്. അതുവരെയും ഈ ആത്മാവുകൾ അതികഠിനമായ ക്ഷുത്തു സഹിച്ചേ മതിയാവൂ. ഇതിനുംപുറമെ, ശുദ്ധീകരസ്ഥലത്തിൽ “ബഹുമാന്യകാരാഗൃഹം” എന്നു പറഞ്ഞുവരുന്ന ഒരു സ്ഥലം ഉണ്ടെന്നു വി. ലിഗോരിയും മറനേക ദൈവശാസ്ത്രികളും അഭിപ്രായപ്പെടുന്നു. അവിടെയുള്ള ആത്മാവുകൾക്കു യാതൊരു ഇന്ദ്രിയവേദനയും ഇല്ല; ദൈവത്തെ ദർശിക്കാൻ പാടില്ലെന്നുള്ള വേദനമാത്രമെ ഉള്ളു.

ദൈവത്തെ ദർശിച്ചു് സുഖിക്കുന്നതിനുള്ള ആഗ്രഹത്തിന്റെ കുറവു നിമിത്തം ശുദ്ധീകരസ്ഥലത്തിൽ വേദന അനുഭവിക്കാതിരിക്കുന്നതിനുവേണ്ടി സർവ്വനന്മയായ ദൈവത്തെ അറിയുന്നതിലും അങ്ങേ വിശ്വസ്തതയോടെ സേവിക്കുന്നതിലും നാൾക്കുനാൾ അധികമധികം വർദ്ധിക്കുന്നതിനു നാം ശ്രമിക്കേണ്ടിയിരിക്കുന്നു.

ഉപസംഹാരം.

കർമ്മലീത്താ സഭക്കാരത്തിയായ വിശുദ്ധ കുബ്രാനയുടെ പ്രൻസിസ്കാ എന്ന വന്ദ്യയായകന്യക, അവളുടെ ജീവിതംമുഴുവനും ശുദ്ധീകരാത്മാവുകളെ സഹായിക്കുന്നതിൽ ചിലവഴിച്ചിരുന്നു. ഇതിനായി ദൈവം അപ്പോൾ അവരുടെ വേദനകളേയും അവയ്ക്കുള്ള കാരണങ്ങളേയും അവൾക്കു വെളിപ്പെടുത്തിയിരുന്നു. കർമ്മലീത്താ സഭക്കാരായ അനേക സന്ന്യാസികളുടെ ആത്മാവുകൾ പത്തും, ഇരുപതും, മുപ്പതും, അതിലധികവും കാലമായിട്ടും ശുദ്ധീകരസ്ഥലത്തിൽ വേദന അനുഭവിക്കുന്നതായി കണ്ടു. ഒരു പരിശുദ്ധ മെത്രാൻ തന്റെ കടമയെ നിർവ്വഹിക്കുന്നതിലുള്ള ചില സൂക്ഷക്കേടുകൾ മൂലാന്തരം ഈ വന്ദ്യ കന്യാസ്ത്രീക്കു കാണപ്പെടുന്നതിനുമുമ്പു അമ്പത്തൊൻപതു വർഷം ശുദ്ധീകരസ്ഥലത്തിൽ കിടന്നിരുന്നു. ഭിക്ഷുക്കൾ ധാരാളമായി ഭിക്ഷകൊടുത്തിരുന്നതുനിമിത്തം ധർമ്മിഷ്ഠൻ എന്ന പേരുസിദ്ധിച്ച മറെറാരു മെത്രാൻ, മെത്രാൻ എന്ന സ്ഥാനത്തെ അഗ്രഹിച്ചതിനാൽ അഞ്ചുവർഷമായി ബെസ്സുക്കാനായിൽ കഷ്ടപ്പെട്ടിരുന്നു. തന്റെ ഉദാസീനത നിമിത്തം ചില രോഗികൾ അന്ത്യക്രിയാശകൾ ക്രമത്തെ മരിക്കുന്നതിനു സംഗതിയായതിനാൽ ഒരു പട്ടക്കാരൻ നാല്പതു വർഷത്തോളം ശുദ്ധീകരസ്ഥലത്തിൽ കിടക്കേണ്ടിവന്നു. പണം സമ്പാദിക്കുന്നതിനു മീട്ടുകളിയിൽ അതിതല്പരനായിരുന്ന ഒരു ധനികനാകട്ടെ അറുപതുവർഷവും മറെറാരുത്തൻ പ്രപഞ്ചപ്രിയം നിമിത്തം മുപ്പതുവർഷവും അവിടെ സങ്കടമനുഭവിച്ചു. ഇതിപ്രകാരമെ ഈ ജീവിതകാലത്തിൽ കാരണാക്രമാതെ അന്യരെ കുറക്കാരായി സംശയിച്ചിരുന്ന ആത്മാവുകൾ കഠിനവേദന അനുഭവിക്കുന്നതായും പതിനാലു വയസ്സുള്ള ഒരു പെൺപൈതൽ, ദൈവത്തിരുമനസ്സിനു പൂർണ്ണമായി കീഴ്പ്പെടാഞ്ഞു മരിക്കായ്കനിമിത്തം ശുദ്ധീകരസ്ഥലത്തിൽ കിടക്കുന്നതായും കണ്ടു്. ഒരു ആത്മാവു ഈ വന്ദിക്കപ്പെട്ട കന്യാസ്ത്രീയെ നോക്കികൊണ്ടു “ഓ! മനുഷ്യർ നിസ്സാരമായി വിചാരിക്കുന്ന സല്ലകുറങ്ങളേക്കുറിച്ചു ശുദ്ധീകരസ്ഥലത്തിൽ എത്രയൊ കഠിനവേദനകളെ അനുഭവിപ്പാനിരിക്കുന്നു എന്നു അവർ ഒട്ടുംതന്നെ ഓർക്കുന്നില്ല” എന്നു പറഞ്ഞു.

Y ൩൦൫ . 2 . ൬

ശവക്കഴിയുടെ അപ്പുറത്തു നിന്നു്.

പൂർണ്ണ വിശ്വാസയോഗ്യനായ ഒരു വേദപ്രസംഗി താഴെ കാണിക്കുന്ന സംഭവത്തെ പ്രസ്താവിക്കുന്നു.

ഞാൻ ഒരു ഇടവകപ്പട്ടക്കാരനാ

ണ്ട്. എന്റെ അധികാരത്തിൽപ്പെട്ട സ്ഥലം വളരെ വിസ്താരമുള്ളതുമാണ്. അതിൽ ജനങ്ങൾ തിങ്ങി കൂടിപാർക്കുന്നു. എനിക്കു സഹായികളായി രണ്ടു വൈദികർ കൂടിയുണ്ട്. ഞങ്ങളുടെ കീഴിലുള്ള കത്തോലിക്കരിൽ മിക്കവരേയും ഞങ്ങൾക്കു പരിചയമുണ്ട്. എന്നാൽ അങ്ങുമിങ്ങും പോകയും വരികയും ചെയ്യുന്നവർ അത്രധികമല്ല. ഞങ്ങളുടെ മുറി പള്ളിയോടു സമീപിച്ചാണ്. രോഗികൾക്കു അധ്യാത്മശുശ്രൂഷ ചെയ്യുന്നതിനു ഞങ്ങളിൽ ഒരാൾ രാപകൽ എപ്പോഴും തയാറായിരിക്കും.

ഫെബ്രുവരി മാസികം നാലാംനായ ശനിയാഴ്ച ഇനിക്ക് സാമാന്യത്തിലധികം ജോലികളുണ്ടായിരുന്നു. രാത്രി പത്തേകാൽ മണിവരെ ജോലിചെയ്തതിന്റെശേഷം, കാനോന നമസ്കാരത്തിന്റെ ശേഷിച്ചിരുന്ന ഭാഗവും തീർത്തു, കിടക്കുന്നതിനു ഒരുങ്ങുകയായിരുന്നു. ആ സമയത്തു വാതിൽ മണിയുടെ സ്വരം ഉറക്കുകേട്ടു. ഞാൻ കോവണിയിറങ്ങി താഴെ ചെന്നപ്പോൾ, വേലക്കാരൻ മാന്യയായ ഒരു വൃദ്ധസ്ത്രീയോടു സംസാരിച്ചുകൊണ്ടിരിക്കുന്നതുകണ്ടു. ഇന്നതെരുവിൽ, ഇന്ന വീട്ടിൽ ഒരു യുവായ് മരിക്കാറായിരിക്കുന്നതിനാൽ അച്ചനാരിൽ ഒരാൾ അവിടെ ചെല്ലുണംഎന്നു അവൾ വളരെ താല്പര്യത്തോടുകൂടി അപേക്ഷിക്കയായിരുന്നു. പിറ്റെദിവസം ചെന്നാൽപോരെ എന്നു ഞാൻ അവളോടു ചോദിച്ചു. പോരാ, ഒട്ടും താമസിക്കാതെ ചെല്ലുണം എന്നു അവൾ വീണ്ടും നിർബന്ധമായി അപേക്ഷിച്ചു.

രോഗിയുടെ പേരും, വീട്ടിന്റെയും തെരുവിന്റെയും എണ്ണവും കുറിച്ചെടുത്തശേഷം, ആവശ്യമുള്ളതെല്ലാം എടുത്തുകൊണ്ടു ഞാൻ പോകുവാനൊരുങ്ങി. ഇതിനിടയ്ക്കു, വളരെ രാത്രിയായിപ്പോയതിനേയും മറ്റും ബന്ധിച്ചു ഞാൻ നാലഞ്ചു വാക്കുപറഞ്ഞു. എന്റെ വാക്കുകൾ കപടമില്ലാത്തവയും മാർദ്ദവമായവയും ആയിരുന്നെങ്കിലും അവൾക്കു ഖേദത്തിനു കാരണമാകുന്നുവെന്നു കണ്ടപ്പോൾ എന്റെ സംസാരരീതിയെ ഞാൻ ഒന്നു മാറ്റി, അദ്ധ്വാനിച്ചു വലഞ്ഞിരിക്കുന്ന ഒരുവന്റേതിന്റെ ഭാവത്തിലാക്കി.

"ഒരു നാഴികകം, ഞാൻ പുറപ്പെടാം; വേണ്ടസഹായമെല്ലാം ഉടനെ ഞാൻ ചെയ്യുന്നതാണെന്നു തീർച്ചയായിക്കൊള്ളുതിക്കൊള്ളു" എന്നു അവളോടു ഞാൻ പറഞ്ഞു.

രോഗിയുടെ മരണാപത്തിനെപ്പറ്റി വളരെ വിചാരമുള്ളവളായി കാണപ്പെട്ട ആ സ്ത്രീ "നിങ്ങളുടെ ഈ ദയാകൃത്യത്തിനു ദൈവം നിങ്ങൾക്കു ശ്രീവലം നൽകുമാറാകട്ടെ; നിങ്ങളുടെ ഈ ഉപവിയെക്കുറിച്ചു നിങ്ങളുടെ മരണസമയത്തിൽ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!" എന്നു ദീർഘശ്വാസത്തോടുകൂടി പറഞ്ഞു.

തെരുവിന്റെ പേരും, സംഖ്യയും, രോഗിയുടെ നാമവും ഇനിക്കു പരിചയമില്ലാതിരുന്നതിനാലും, വന്നിരിക്കുന്ന ആളിനെ ഞാൻ ഒട്ടും അറികയില്ലാതിരുന്നതുകൊണ്ടും പേരും സംഖ്യയും ഒന്നുകൂടി ചോദിച്ചു നിശ്ചയപ്പെടുത്തി. പറഞ്ഞിരുന്നതുപോലെ, ഉപവിക്കുത്തമായ ഈ കൃത്യം ചെയ്യുന്നതിനായി മുറിയിൽ നിന്നു പുറപ്പെടുന്നതിനു ഒരു നാഴികകം എല്ലാം ഒരുങ്ങി.

വൃശ്ചികമാസത്തിലെ ശീതളമായ ഒരു രാത്രിയാണ്. മഞ്ഞു അധികമായിരുന്നതിനാൽ, ശനിയാഴ്ചയായിരുന്നിട്ടും തെരുവിൽ വളരെപ്പേർ ഉണ്ടായിരുന്നില്ല. കുറെനേരം നടന്നശേഷം, ഒടുവിൽ പറഞ്ഞിരുന്ന വീട്ടിൽ ചെന്നു; മണികൊട്ടി. വൃദ്ധയായ ഒരു സ്ത്രീ ഇറങ്ങിവന്നു.

"ഇവിടെ ആരോ ഒരാൾ രോഗംകലശലായി കിടപ്പില്ലെ" എന്നു ഞാൻ ചോദിച്ചു.

വൃദ്ധ:— "ഒവ്വെ, ഇവിടെയില്ല, ഈ വീട്ടിലില്ല. ഇവിടെആരും ദിനക്കാരില്ല."

ഞാൻ:– "തീർച്ചയാണൊ? ഒരുത്തൻ മരിക്കാറായിരിക്കുന്നു എന്നും പറഞ്ഞു എന്നെ വിളിക്കാനായി ഇപ്പോൾ തന്നെ ഒരു സ്ത്രീ വന്നല്ലൊ ഞാൻ കത്തോലിക്കാപ്പള്ളിയിൽ നിന്നു വന്നിരിക്കയാണ്. വിളിക്കാൻ വന്നയാൾ വളരെ ധൃതിക്കൂട്ടി."

വൃദ്ധ:– "ഒന്നുമില്ല ഇവിടെ എല്ലാവരും പൂർണ്ണസുഖമായിരിക്കുന്നു. ഇവിടെ ഒരുത്തനും ദീനവുമില്ല, ആരുമൊട്ടു മരിക്കാൻ പോകുന്നുമില്ല. ഈ അടുക്കൽ വല്ലവർക്കും സുഖക്കേടുണ്ടൊ എങ്ങിനെയാണെന്നു ഞാനറിഞ്ഞില്ല. നിങ്ങൾക്കു വീടു തെറ്റിപ്പോയതായിരിക്കും."

ഈ വേലക്കാരിയെ ബുദ്ധിമുട്ടിച്ചതിനെപ്പറ്റി കഴിവു പറഞ്ഞു, ഞാൻ പോകുവാൻ ഭാവിച്ചപ്പോൾ, പ്രവേശനത്തിന്റെ എതിരെയുള്ള ഒരു മുറിയിൽ നിന്നു ഒരു ചെറുപ്പക്കാരൻ വെളിയിലേക്കു വന്നു. ഞങ്ങൾ പറഞ്ഞതു മുഴുവനെല്ലാം അവൻ കേട്ടിരുന്നു. ഈ മഞ്ഞുകാലത്തു, ശനിയാഴ്ച രാത്രി അസമയത്തു്, ഞാൻ ഇങ്ങിനെ ബുദ്ധിമുട്ടുന്നതിനു ഇടയായതിനെപ്പറ്റി അവനുണ്ടായ മനസ്താപത്തെ മര്യാദയോടെ എന്നോടു അറിയിച്ചു. അവന്റെ ഭാവവും സ്വരഭേദവും ഏറ്റവും സ്നേഹജനകമായിരുന്നു. അവൻ വേലക്കാരിയോടു പോകുന്നതിനു അടയാളം കാണിച്ചശേഷം, എന്നോടു "അച്ഛാ, ഈ മുറിയിൽ ഇരുന്നു അല്പം ആശ്വസിക്കാമല്ലൊ, ഇതാ ഇവിടെ നെരുപ്പോടുണ്ടു്. പുറത്തേക്കു പോകുന്നതിനു മുമ്പു് കുറെ ഒന്നു തീ കായണം" എന്നു് പറഞ്ഞു.

ഞാൻ വന്ന കാര്യം സംക്ഷേപിച്ചു അവനോടു വീണ്ടും പറഞ്ഞു. തെരുവും വീടും ശരിയായി പറഞ്ഞുതരാതെ ഇത്ര സൂക്ഷക്കേടു കാണിക്കുന്നവരെപ്പറ്റി, ഞാൻ അവിടെ ഇരുന്ന സമയം കുറെയെല്ലാം അവലാധി പറഞ്ഞു. അവൻ എന്നെ അച്ഛാ, എന്നു വിളിച്ചതിൽ ഇനിക്കു ആശ്ചര്യം തോന്നുകയാൽ, "ഈ വീട്ടിൽ കത്തോലിക്കരായി ആരുമില്ലെ?" എന്നു ഞാൻ വീണ്ടും ചോദിച്ചു.

"ഇല്ല, ഇവിടെയില്ലാ എങ്കിലും ഒരുത്തൻ കത്തോലിക്കനാകേണ്ടതായിട്ടുണ്ടു്. ഞാൻ തന്നെ ഒരു കത്തോലിക്കനാകേണ്ടവനാണ്. എന്തെന്നാൽ ഞാൻ ഒരു കത്തോലിക്കനായിട്ടാണ് മമ്മോദീസാ മുങ്ങിയിരിക്കുന്നതു്."

അനന്തരം ഏകദേശം രണ്ടുനാഴിക നേരത്തേക്കു ഞങ്ങൾ ഔരുവമായ കാര്യങ്ങളെപ്പറ്റി സംസാരിച്ചു. അവൻ പത്തു വത്സരങ്ങളായിട്ടു വേദസംബന്ധമായ കടമകളെയൊന്നും നിവർത്തിക്കുന്നില്ലെന്നും ഞങ്ങളുടെ പള്ളിയിൽ ഒരിക്കലെങ്കിലും പ്രവേശിച്ചിട്ടില്ലെന്നും ഇനിക്കു മനസ്സിലായി. അവൻ ഇനി ഉടനെ ചെയ്യേണ്ടതെന്താണെന്നു ഞാൻ പറഞ്ഞു മനസ്സിലാക്കി. അനുഷ്ഠാനങ്ങളിൽ അവൻ അശ്രദ്ധനായിരുന്നെങ്കിലും അവനിൽ വിശ്വാസം ക്ഷയിച്ചിട്ടില്ലായിരുന്നു. മുഴുക്കുപ്പറയാം ഞാൻ അവനെ കുമ്പസാരിപ്പിച്ചു് യാത്ര പറഞ്ഞു പിരിഞ്ഞു.

പിറേന്നാൾ പള്ളിയിൽ വരാമെന്നു അവൻ പറഞ്ഞിരുന്നതുകൊണ്ടു ഞാൻ അവനെ പാർത്തിരുന്നു. കുമ്മനേരങ്ങളിലും ഒരിടത്തും കണ്ടില്ല. എനിക്കു കുറെ ആശ്ചര്യം തോന്നി; എങ്കിലും എന്റെ മനസ്സിൽ ഉദിച്ചിരുന്ന സംശയങ്ങളെ ഞാൻ വകവെച്ചില്ല. അവന്റെ വിശ്വസ്തയായ വൃദ്ധ വേലക്കാരി വന്നു അവൻ പെട്ടെന്നു മരിച്ചുപോയി എന്നു എന്നോടു പറഞ്ഞു. അവൾ വ്യസനാക്രാന്തയായിരുന്നു. വർത്തമാനം കേട്ടപ്പോൾ ഞാൻ ഒന്നു ഞെട്ടിപ്പോയി. അവനെ കിടക്കയിൽ പ്രേതമായിട്ടാണ് അവർ കണ്ടതു്. വൈദ്യന്റെ അഭിപ്രായം അവൻ ഹൃദ്രോഗത്താൽ (Rheumatism of heart) മരിച്ചുവെന്നും അതു ഞങ്ങൾ തമ്മിൽ കണ്ടുപിരിഞ്ഞിട്ടു അധികനേരം കഴിയുന്നതിനുമുമ്പു് സംഭവിച്ചുവെന്നുമായിരുന്നു.

ഉമ്മാന്റ് ജീവിതം

കഴിച്ചിരുന്ന ഒരു കത്തോലിക്കാ
കുസ്യാനിയെ, ഒരു പ്രോട്ടസ്റ്റാന്റു മന
സ്സാന്തരപ്പെടുത്തി ഉത്തമനാക്കി
തീർത്ത വൃത്താന്തം.

പടിഞ്ഞാറെ കനഡായിലെ ഒരു ഇടവകയിൽ ൨൦ വർഷംമുമ്പു കൃഷിതൊഴിൽ ചെയ്യുവന്ന ഒരു ഐറീഷ്കാരൻ ഉണ്ടായിരുന്നു. ഇവൻ വേദചട്ടങ്ങൾ അനുസരിക്കുന്നതിൽ വലിയ അമാന്തക്കാരനായി തീർന്നു. പള്ളിയിൽ പോകയാകട്ടെ, കുമ്പസാരിക്കയാകട്ടെ, വി. കുർബാന ഉൾക്കൊൾകയാകട്ടെ ചെയ്തിരുന്നില്ല. ഇതു അവന്റെ വികാരിയച്ചൻ അറിഞ്ഞു പല പ്രാവശ്യം അവന്റെ അടുക്കൽ ചെന്നു ഇതിനുള്ള കാരണം എന്താണെന്നു ചോദിക്കയുണ്ടായി. അതിന്നു യോഹന്നാൻ എന്നു പേരുള്ള ഇവൻ തനിക്കു വലിയ ബുദ്ധിമുട്ടോടുകൂടെ വേല ചെയ്യാനുണ്ടെന്നും, എല്ലാ ദിവസവും രാവിലെ തനിക്കു വളരെ ക്ഷീണമുണ്ടെന്നും, ഏഴു ദിവസത്തിൽ ഒരു ദിവസം ആശ്വസിക്കാൻ വേണമെന്നും, വേനൽകാലത്തു വലിയ ഉഷ്ണമാണെന്നും, വർഷകാലത്തു വലിയ തണുപ്പാണെന്നും, നല്ല വസ്ത്രമില്ലാതെ പള്ളിയിൽ തന്റെ അയൽവാസികളുടെ കൂട്ടത്തിൽ ചെന്നുനിൽക്കുന്നതു തനിക്കു വലിയ ലജ്ജയാണെന്നും മറ്റുമാണ് മറുപടി പറഞ്ഞതു്. താമസിയാതെ ആ ഇടവകയിൽ ഒരു ജ്ഞാനധ്യാനം നടത്തപ്പെട്ടു. കത്തോലിക്കരും കത്തോലിക്കരല്ലാത്തവരുമായി വളരെ ആളുകൾ അതിൽ വന്നുകൂടിയിരുന്നു. എന്നാൽ നമ്മുടെ യോഹന്നാൽ ഇതിൽ സംബന്ധിക്കാൻ മനസ്സായില്ല. ഭക്തനായ ആ വികാരിയച്ചൻ ധ്യാനഗുരുവിന്റെ ഉപദേശം തന്റെതിനേക്കാൾ യോഹന്നാനു ഫലം വരുത്തുമെന്നു കരുതി അദ്ദേഹത്തോടു കാര്യം അറിയിക്കയും അദ്ദേഹം യോഹന്നാന്റെ പക്കൽ ചെന്നു വലിയ രീതിയോടെ ഉപദേശിക്കയും ചെയ്തു. എന്നാൽ ഫലമൊന്നും ഉണ്ടായില്ല. അടുത്ത വലിയനോമ്പിന്റെ ഒരു ഞായറാഴ്ച യോഹന്നാൻ ദേവാല

പ്രേതം സന്ന്യാരത്തിനു ഒരുക്കി വീട്ടിൽ കിടത്തിയിരിക്കയിൽ, ശ്മശാനസ്ഥലത്തു നടക്കേണ്ടിയ പൊതുകർമ്മങ്ങളുടെ ആരംഭമായിട്ടുള്ള പ്രാർത്ഥനകളെ മരിച്ചവനുവേണ്ടി ചെയ്യുന്നതിനായി ഞാൻ അവിടേക്കു പോയി. ശ്മശാനഭൂമി ലണ്ടൻപട്ടണത്തിന്റെ വടക്കുപടിഞ്ഞാറു മാറിയായിരുന്നു. ശവപ്പെട്ടി മരണമുറിയിൽ ഒരു മേശമേൽ ഉയർത്തി സ്ഥാപിക്കപ്പെട്ടിരുന്നു. തീ (കായുന്നതിനായി) കത്തിക്കുന്ന സ്ഥലത്തിനടുത്തുണ്ടായിരുന്ന ഒരു കൂട്ടിൽ എണ്ണച്ചായത്തിൽ എഴുതിയതായ ഒരു പ്രതിമ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു ഞാൻ കണ്ടു. എന്താണെന്നറിയേണമെന്നുള്ള അധികമായ ആഗ്രഹത്തോടുകൂടി ഞാൻ അതിനെ ആദ്യം സൂക്ഷിച്ചുനോക്കി. അപ്പോൾ ഭക്തിസംയുക്തമായ ഒരു ഭയം എന്നിൽ അങ്കുരിച്ചു. അതു മരിക്കാറായിരിക്കുന്ന യുവാവിന്റെ പക്കലേക്കു എന്നെ വിളിപ്പാനായി എന്റെ അടുക്കൽ വന്നിരുന്ന വൃദ്ധസ്ത്രീയുടെ ഛായയായിരുന്നു! ആ സ്ത്രീയും പ്രതിമയും തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല. അതു മരിച്ച യുവാവിന്റെ അമ്മയുടെ ശരിയായ ഛായയായിരുന്നുവെന്നു ആ വേലക്കാരി എന്നോടു പറഞ്ഞു. അവളോ എന്നാൽ പുത്രന്റെ ഞെട്ടറ്റി മരണത്തിനു വളരെക്കാലം മുമ്പു മരിച്ചുപോയിരുന്നു! അവൾ തന്നെ— അതെ മരിച്ചുപോയ വന്ദ്യയായ ആയമ്മതന്നെ— യായിരുന്നു എന്നെ വിളിക്കുന്നതിനായി വന്നിരുന്നതു്! "ശവക്കുഴിയുടെ അപ്പുറത്തു നിന്നുള്ള മാതൃചിന്തയെ, നീ മനസ്സിനെ എത്രയധികം ഇളക്കുന്നു! ദൈവം എത്ര നല്ലവനുമാകുന്നു!"

Y.M.A. 2.5

ത്തിൽവന്ന ദിവ്യപൂജ കാണുന്നതിനെ വികാരിയച്ചൻ കണ്ടു. അടുത്ത ഞായറാഴ്ചയും തുടരെതുടരെ എല്ലാ ഞായറാഴ്ചകളിലും അവൻ പള്ളിയിൽ ക്രമമായി വന്ന ഭക്തിപൂർവ്വം കുർബാന കാണുന്നതു് ആ നല്ല വികാരിയച്ചൻ കണ്ടു് ആശ്ചര്യപ്പെട്ടു സന്തോഷപൂരിതനായി യോഹന്നാനെ വിളിച്ചു ഇങ്ങിനെ ചോദിച്ചു:— "യോഹന്നാനെ! ഈ മാറ്റത്തിന്റെ കാരണമെന്താണ്? ഞാൻ നിന്നോടു പറഞ്ഞ ഉപദേശങ്ങളിൽ ഏതാണ് നിന്റെ ഹൃദയത്തെ ആകർഷിക്കുന്നതിനിടയാക്കിയതു?" "അ! എന്റെ പിതാവെ! നിങ്ങൾ പറഞ്ഞതൊന്നും എന്നെ ഇളക്കിയില്ല,, എന്നായിരുന്നു യോഹന്നാന്റെ മറുപടി. "അങ്ങനെയെങ്കിൽ ആ നല്ല ധ്യാനഗുരുവിന്റെ ഉപദേശം നിന്നെ നല്ലവനാക്കിത്തീർത്തു അല്ലെ? അദ്ദേഹത്തിന്റെ ഈ ഉപദേശമാണ് ഇതിനെ നീവൃത്തിച്ചതെന്നു പറയണം" എന്നു വികാരിയച്ചൻ വീണ്ടും പറഞ്ഞു. യോഹന്നാൻ "അദ്ദേഹത്തിന്റെ ഉപദേശം കൊണ്ടും ഞാൻ ഇളകിയില്ല. ദൈവം എന്നോടു ക്ഷമിക്കട്ടെ. നിങ്ങൾ രണ്ടാളുടേയും ഉപദേശം താറാവിന്റെ പുറത്തു വീണ വെള്ളംപോലെ എന്നിൽ തങ്ങിയില്ല." വികാരി "അ! യോഹന്നാനെ ഇതു എന്നെ വിസ്മയിപ്പെടുത്തുന്നു. നിന്റെ മാറ്റത്തിന്റെ കാരണം എന്നോടു നീ പറയണം." യോഹന്നാൻ "എന്റെ പിതാവെ! അതു ഞാൻ പറയാം. ഇവിടെ സമീപെ ഇന്നടുത്തു പാർക്കുന്ന ആളാണ് എന്നെ ഇതു നല്ലവനാക്കി തീർത്തു.,, വികാരി "അതു ഒരിക്കലും വരാൻ പാടില്ല; അവനെ ഞാൻ അറിയും, അവൻ ഒരു പ്രോട്ടസ്റ്റന്റ് ആണ്. മാത്രമല്ല, അവൻ മഹാ മതവൈരാഗ്യമുള്ളവനും കത്തോലിക്കരുടെ നേരെ വളരെ ദുരഭിപ്രായമുള്ളവനും ആണ്; ഇങ്ങിനെയുള്ളവൻ പൂജ കാണ്മാൻ പോകുന്നതിനു നിന്നെ മനസ്സാക്കിയതു അസാദ്ധ്യമാണ്.,, യോഹന്നാൻ "പിതാവെ! അതിനിക്കു അറിഞ്ഞുകൂടാ. ഞാൻ വാസ്തവമാണ് പറയുന്നതു. അവനാണ് എന്നെ ഗുണവാനാക്കിയത്.,, വികാരി "അതെ! [illegible]' യോഹന്നാനെ! ഇതു കേട്ടിട്ടില്ലാത്ത കഥയാണല്ലൊ. കാര്യം എന്നോടു തെളിവായി പറക.,, യോഹന്നാൻ "ഒരു ദിവസം ക്രിസ്തുമസ് കഴിഞ്ഞ ഉടനെ ഞാൻ അതിരാവിലെ വെളിക്കിറങ്ങി അണ്ടുമിണ്ടും നോക്കിനിൽക്കുമ്പോൾ മേൽപറഞ്ഞയാളും ഭാര്യയും തങ്ങളുടെ പ്രോട്ടസ്റ്റന്റു പള്ളിയിലേക്കു വണ്ടികയറി പോകുന്നതു കണ്ടു. എന്നെ കണ്ട ഉടനെ അയാൾ കുതിരയെ നിറുത്തി ഞാൻ കുർബാന കാണാൻ പോകുന്നില്ലെ എന്നു ചോദിച്ചു. അതിനു ഒരു വർഷത്തിലധികമായി ഞാൻ പള്ളിയിൽ പോകാറില്ലെന്നും വേദത്തിന്റെയും ദൈവത്തിന്റെയും കാര്യങ്ങൾ എന്റെ തലയിൽ നിന്നു മാറിപോയിരിക്കുന്നെന്നും ഞാൻ ഒരു അസത്തുവായി തീർന്നെന്നും മറുപടഞ്ഞു." വികാരി "അതിനിക്കു മനസ്സിലായി യോഹന്നാനെ! അവൻ പറഞ്ഞ കാര്യം എന്താണെന്നു വെളിപ്പെടുത്തുക അതാണ് കേൾക്കേണ്ടതു്." യോഹന്നാൻ! "ഞാൻ ഒരിക്കലും പാർത്തിരിക്കാത്ത ഒരു കാര്യമാണു എന്നോടു അയാൾ പറഞ്ഞതു്. യോഹന്നാനെ! പട്ടക്കാരൻ ക്രിസ്തുശാസ്ത്രവചനങ്ങൾ ഉച്ചരിക്കുമ്പോൾ നമ്മുടെ കർത്താവീശോ മ്ശിഹാ അൾത്താരയിൽ എഴുന്നെള്ളിവരുന്നുണ്ടെന്നു നിനക്കു വിശ്വാസമുണ്ടൊ എന്നു എന്നോടു ചോദിച്ചു. ദൈവത്തിനു സ്തുതി ഉണ്ടായിരിക്കട്ടെ, അതു പരിപൂർണ്ണമായി ഞാൻ വിശ്വസിക്കുന്നു. എന്തെന്നാൽ നമ്മുടെ കർത്താവുതന്നെ ഇതിനെ പഠിപ്പിച്ചിരിക്കുന്നു. എന്നു ഞാൻ മറുപടിയും പറഞ്ഞു. അപ്പോൾ അയാൾ യോഹന്നാനെ നിന്റെ ഇഷ്ടംപോലെ നീ വിശ്വസിച്ചുകൊൾക. ഇനിക്കു അതിൽ ഒട്ടും വിശ്വാസമില്ല, ഇനിക്കു വിശ്വാസം ഉണ്ടായിരുന്നെങ്കിൽ ഞാൻ ചെയ്യുമായിരുന്നതിനെ നിന്നോടു പറയാം. ഒരു ദിവസമെങ്കിലും കുർബാന കാണുന്നതിനു ഞാൻ മുടക്കം വരുത്തുന്നതല്ല, എത്ര ക്ഷീണമുണ്ടായിരുന്നാലും എത്ര കുളിർ ഉണ്ടായാലും എത്ര വേനൽ ആയിരുന്നാലും ഞാൻ പള്ളിയിൽ പോകയും അൾത്താരിയിൽ എഴുന്നെള്ളിവരുന്ന എന്റെ രക്ഷകനായ ദൈവത്തെ ഞാൻ സാഷ്ടാംഗമായി ആരാധിക്കയും ചെയ്യുന്നതാണ്.

ഇങ്ങനെയൊക്കെയാണ് എന്റെ പിതാവെ! അയാൾ എന്നോട് പറഞ്ഞതു്. അയാളുടെ വാക്കു കൂടക്കൂടെ എന്റെ ബോധത്തിൽ വന്ന് എന്നെ ലജ്ജിപ്പിക്കുന്നു. അയാളുമായുള്ള സംഭാഷണം കഴിഞ്ഞശേഷം എന്റെ ദുർമ്മാർഗ്ഗജീവിതത്തെ ഞാൻ മാറിയിരിക്കയാകുന്നു.

ഫ്രാങ്ക് .ഇ . ഗ്രീൻ

പിശാചുക്കൾ.

ദൈവവിരോധികളായ പിശാചുക്കൾ ഉണ്ടെന്നുള്ളതു് തിരുസ്സഭ എക്കാലത്തും പഠിപ്പിച്ചിട്ടുള്ള ഒരു സത്യമാകുന്നു. ദൈവം തന്റെ മഹിമാമാരെ വാഴ്ചാസാദത്തിൽ സ്ഥിരപ്പെടുത്തുന്നതിനു മുമ്പായി അവരുടെ വിശ്വസ്തതയെ പരീക്ഷിക്കയുണ്ടായി. ഈ പരീക്ഷ എന്തായിരുന്നുവെന്നു അറിവില്ല. മിശിഹായുടെ മാനുഷത്വത്തെ ആരാധിക്കുന്നതിനു സ്രഷ്ടാവു അവരോടു ആവശ്യപ്പെട്ടുവെന്നാണ് സാധാരണയായി വേദശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു അവരിൽമൂന്നിലൊരു ഭാഗം ദൈവകല്പനക്കു അനുസരിക്കാതിരിക്കയും അതിന്റെ ഫലമായി ദൈവഭക്തന്മാരുടെ നിലയിൽനിന്നു മാറി നിത്യനരകത്തിനായി വിധിക്കപ്പെടുകയുംചെയ്തുവെന്നു വെളിപാടാഗമം ഫലമായി നിന്നു തെളിവാകുന്നുണ്ട്. മത്തായി ഫലം. ൨൫-ൽനിന്നു നരകാഗ്നി പ്രത്യേകം അവർക്കായി സൃഷ്ടിക്കപ്പെട്ടുവെന്നു നാം അറിയുന്നു. ഈ ദുർഭാഗ്യന്മാരുടെ ഭയങ്കരമായ ദുർയോഗം എന്നേക്കും ദൈവദർശനം കൂടാതെ അവർണ്ണനീയങ്ങളായ ബാധകളെ അനുഭവിക്കുന്നതാകുന്നു. മനുഷ്യരുടെനേരെ അവർക്കുള്ള അസൂയയും ദൈവത്തോടുള്ള വൈരവും നിമിത്തമായി അവർ നരകവേദനകളെ അനുഭവിക്കുന്നതിനോടെ ആത്മാവുകളെ പരീക്ഷിക്കുന്ന വിഷയത്തിൽ അക്ഷീണപരിശ്രമം ചെയ്യുവരുന്നുണ്ടു. തങ്ങളുടെ ദുരുദ്ദേശത്തെ നിവൃത്തിക്കുന്നതിലേക്കു അവർ പ്രയോഗിക്കുന്ന പ്രധാനോപകരണങ്ങൾ ലോകവും മാംസവുമാണ്. ഇവയുടെ വശീകരണങ്ങൾ എത്രയാത്മാവുകളെയാണ് അന്ധരാക്കിത്തീർക്കുന്നതു! യഥാർത്ഥത്തിൽ മനുഷ്യർ ചാവുദോഷംചെയ്തു ദൈവദ്രോഹികളായി തീരുന്നതു മാനം മാംസം എന്നിവയുടെ നേരെയുള്ള മിതം കടന്ന സ്നേഹം കാരണമായത്രെ. അപ്പൊ നിത്യരക്ഷയുടെ വിഷയത്തിൽ നമ്മുടെ ബദ്ധശത്രുക്കളായ പിശാചുക്കളുടെ ദുർന്നയങ്ങളോടു സഫലമായി എതിർത്തു് അവരെ ജയിക്കണമെങ്കിൽ പ്രധാനമായി ദൃഢശ്വാനിഗ്രഹവും പ്രാർത്ഥനയും വഴിയായി ലോകത്തെയും മാംസത്തെയും ജയിക്കേണ്ടതാകുന്നു. പിശാചുക്കൾക്കു മനുഷ്യാത്മാവിനോടു നേരിട്ടു പ്രവൃത്തിക്കുന്നതിനു സാധിക്കുന്നതല്ല. ശരീരത്തെ സംബന്ധിച്ചു പറയുന്നതായാൽ ദൈവത്തിന്റെ പ്രത്യേകമനുമതിയില്ലാത്തപക്ഷം അതിനെ ബാധിക്കുന്നതിനും അവർക്കു കഴിയുന്നതല്ല. ഇന്ദ്രിയങ്ങൾ മനുഷ്യർക്കു പ്രകൃത്യാ (യെന്നപോലെ) തന്നെ പിശാചുക്കളുടെ നേർക്കുള്ള മഹാഭയത്തിനു ബലമായ അടിസ്ഥാനമുള്ളതല്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. പിശാചുക്കൾക്കു പകരം പാപത്തെ ഭയപ്പെട്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! പാപമില്ലാത്തവർ പിശാചുക്കളെയെന്തിനു ഭയപ്പെടുന്നു! പ്രത്യുത, ഇവരെ പിശാചുക്കൾ ഭയപ്പെടുകയാണ് ചെയ്യുന്നതു്.

ഫ്രാങ്ക് .ഇ

അവസാനത്തിൽ നേർവഴി കാണുന്നതിനു ദൈവം ഇനിക്കു സംഗതിയാക്കി.

അയർലാണ്ടിൽ ക്രോം (Crom) എന്നയിടത്തിലെ പ്രോട്ടസ്റ്റണ്ടു മതപാലകനായിരുന്ന ജേ. എയിച്ച്. സ്റ്റീൽ (J. H. Steele) എന്നയാൾ കത്തോലിക്കവേദം അനുസരിച്ചു പട്ടത്തിനായി ഇപ്പോൾ റോമായിൽ പഠിച്ചുവരികയാണ്. താഴെ ചേർക്കുന്നതു് അദ്ദേഹത്തിന്റെ മാർച്ച് മാസം ഫലം-ലെ ഒരെഴുത്തിലെ ചിലഭാഗങ്ങളാണ്. അദ്ദേഹം ഇങ്ങിനെ പറയുന്നു:—

"ശുഭകാംക്ഷകൾ പലതും അറിയിപ്പാനുണ്ട്. ഞാൻ ചെറിയ പട്ടങ്ങൾ നാലും ഇവിടെ ഞങ്ങളുടെ കപ്പേളയിൽവച്ചു ഞങ്ങളുടെ അധ്യക്ഷനായ ആർമിദായുടെ മെത്രാപ്പോലീത്തായിൽ നിന്നു ഇന്നലെ കൈക്കൊണ്ടു. വിശുദ്ധ പട്ടങ്ങളിൽ ആദ്യത്തേതായ ഉപദിയാക്കോനസ്ഥാനത്തിനുള്ള പഠനങ്ങൾ ഇന്നു സന്തോഷപൂർവ്വം ആരംഭിച്ചു. അതു അമ്പതാം തിരുനാളിൽ കൂൾക്കാമെന്നും പ്രതീക്ഷിക്കുന്നു. ഇങ്ങിനെ മധ്യവേനൽ പ്രമാണിച്ചുള്ള ഇളവിനു ഞങ്ങൾ പിരിയുന്നതിനുമുമ്പു് ഞാൻ കൈ ഊറാറ ധരിപ്പിക്കപ്പെടുകയും പാട്ടുബ്രാനസ്സു് ശുശ്രൂഷിക്കയും ചെയ്യും. ഈ അനുഗ്രഹങ്ങൾക്കു് ഇനിക്കു യാതൊരു യോഗ്യതയുമില്ല. അനുഗ്രഹമുള്ള ദൈവം എന്നോടു പ്രദർശിപ്പിച്ചിരിക്കുന്ന സ്നേഹത്തിന്റെയും ദയയുടെയും അനവധി അടയാളങ്ങളുടെ കൂട്ടത്തിൽ ഇതു് ഒന്നുകൂടെ എന്നേയുള്ളു."

അദ്ദേഹം തന്റെ എഴുത്തിനെ അവസാനിപ്പിക്കുന്നതു് ഈ വിധമാണു്: "സകല വിശുദ്ധരുടെ തിരുനാളിന്റെ തലേനാളിൽ ഞാൻ സഭയിലേക്കു ചേക്കപ്പെട്ടതിന്റെ ശേഷം ഇനിക്കുള്ള വിചാരം സംബന്ധിച്ചു് എന്റെ ഭാഗ്യം പൂർണ്ണമായിരിക്കുന്നു എന്നും, അതു് പ്രതിദിനം വർദ്ധിച്ചുവരുന്നതായി തോന്നുന്നു എന്നും പറഞ്ഞാൽ കഴിഞ്ഞു. എന്റെ ആയുഷ്കാലത്തിലെ ഏറ്റവും മഹത്തായ ആ സംഭവത്തിനു മുമ്പിലത്തെ എന്റെ സ്ഥിതി കത്തോലിക്കാ മതസിദ്ധാന്തങ്ങളോടു് എത്ര അയുക്തങ്ങളായിരുന്നുവെന്നു ഞാൻ അറിയാതെ പോയതു് ഒരു വലിയ ആശ്ചര്യമായിട്ടു് ഇപ്പോൾ ഇനിക്കു തോന്നുന്നു. എന്നാൽ അവസാനത്തിൽ നേർവഴി കാണുന്നതിനു ദൈവം ഇനിക്കു സംഗതിയാക്കിയതിനാൽ അദ്ദേഹം സ്തുതിക്കപ്പെടട്ടെ. അതുമല്ല, ആശ്ചര്യവും കൃതജ്ഞതയും ഏറ്റവും അധികമായി വളർത്തുമാറു അതു ഇടതിയായും പരിപൂർണ്ണമായും എന്റെ ഹൃദയത്തിന്റെ ആഗ്രഹങ്ങളെ അദ്ദേഹം നിവർത്തിക്കയും എന്റെ അഭിലാഷങ്ങളെയെല്ലാം സാധിച്ചുതരികയും ചെയ്യുന്നു. ഇപ്പോൾ ഞാൻ തോണോസിന്റെ പടികളിലേക്കു പ്രവേശിപ്പിക്കപ്പെട്ടിരിക്കയാണല്ലൊ; എന്റെ ആയുസ്സിനെ അവസാനിപ്പിക്കുന്നതിനു് അദ്ദേഹം തിരുമനസ്സാകുന്നെങ്കിൽ, സന്തോഷത്തോടും കിഴ്വഴക്കത്തോടും കൂടെ അദ്ദേഹത്തിന്റെ തിരുമനസ്സിനു കീഴ്പെടാമെന്നു ഞാൻ കരുതുന്നു."

Y.M.A. 2.5



തിരുഹൃദയ ഭക്തർമാർ

ഈ കുംഭമാസത്തിൽ വെക്കേണ്ട

പൊതുക്കരുതൽ

"മെക്സിക്കോയിലെ കത്തോലിക്കർ."

മെക്സികൊ വടക്കെ അമേരിക്കായിൽ ഐക്യനാടുകൾക്കു തെക്കായി കിടക്കുന്ന ഒരു ജനാധിപത്യമാകുന്നു. അതിലെ ജനസംഖ്യ ഒരുകോടി എൺപതു ലക്ഷമാണു്. ഇതിന്റെ ഒരു വലിയ ഭാഗം കത്തോലിക്കരുമാകുന്നു. മുപ്പതു മെത്രാന്മാരും ഒട്ടവളരെ വൈദികന്മാരും അവിടെയുള്ള സ്ഥിതിക്കു തിരുസ്സഭയ്ക്കു അവിടെ വളരെ ഉൽകർഷം ഉണ്ടായിരിക്കേണ്ടതാണെങ്കിലും അവിടത്തെ ഗവർമ്മെണ്ടു വേദത്തെ ഗണ്യമാക്കാതെ വളരെ നിയമങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ അവിടത്തെ കത്തോലിക്കരുടെ അവസ്ഥ

വളരെ ദയനീയമാകുന്നു. ദേവാലയത്തിനു പുറത്തു വേദകാര്യങ്ങൾ നടത്തുക, സമൂഹമായി സന്ന്യാസജീവിതം കഴിക്കുക, സന്ന്യാസവസ്ത്രം ധരിച്ചുനടക്കുക, ദേവാലയങ്ങൾക്കു സ്വന്തമായി സ്വത്തുണ്ടായിരിക്കുക, ശ്മശാന കർമ്മങ്ങളിൽ വൈദികർ സന്നിഹിതരായിരിക്കുക ഇത്യാദി പലേകാര്യങ്ങൾ മെക്സിക്കോവിൽ അനുവദിക്കപ്പെട്ടിട്ടില്ല. തൽമൂലം അവിടത്തെ കത്തോലിക്കർ എത്രമാത്രം കഷ്ടപ്പെടുന്നുവെന്നു വിവരിക്കുവാൻ അസാധ്യം. സർവ്വശക്തനായ ദൈവം അവരെ സഹായിക്കുന്നതിനായി അനുകമ്പയുള്ള അവരുടെ കത്തോലിക്ക സഹോദരന്മാരും പ്രത്യേകം തിരുഹൃദയഭക്തന്മാരും പ്രാർത്ഥിക്കേണ്ടതാണെന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

ലോകവർത്തമാനച്ചുരുക്കം.

പരിശുദ്ധ പിതാവു് ൧൦-ാം പീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു ഗതവും ൨-ാംനു-യിലെ കൊൻസിസ്റ്റോറിയിൽ ഒരു പുതിയ കർദ്ദിനാളിനെ നിയമിച്ചു. ഇദ്ദേഹം ഹുങ്കരിയാ ദേശത്തിന്റെ പ്രീമാസ് മെത്രാപ്പോലീത്താ ആയ നി. വ. ദിവ്യശ്രീ കാർലോസ് ഫോർണിൻ അവർകളാണു്. ഇദ്ദേഹം ഭരിക്കുന്ന വെസ്പ്രേം രൂപതയിൽ (൪൦൦) ആയിരത്തോളം പട്ടക്കാരും ൧൫൦൦൦൦ ജനങ്ങളുമുണ്ടു്.

ഫിലിപ്പിൻ തുരുത്തിൽ ഇയ്യിടെ ഉണ്ടായ ഭയങ്കര കാറ്റിനാൽ അനേകം കെട്ടിടങ്ങളും പള്ളികളും ഇടിഞ്ഞു വീഴുകയും വളരെ ആളുകൾ ചാകുകയും ചെയ്തു. കാറ്റിനോടുകൂടി ഉണ്ടായ കടൽതീരം വെള്ളപ്പൊക്കം നിമിത്തം പട്ടണം മുഴുവൻ നശിക്കുകയും മരിച്ചുപോയവരുടെ ശരീരങ്ങൾ വെള്ളത്തിൽ ഒഴുകി നടക്കുകയും ചെയ്തിരുന്നു.

ജർമ്മനിയിൽ ഇയ്യിടെ ഉണ്ടായ അതികഠിനമായ കൊടുങ്കാറ്റും മഞ്ഞുവർഷവും നിമിത്തം പല തീവണ്ടിപ്പാതകളും തീവണ്ടികളും കെട്ടിടങ്ങളും മറ്റും നശിച്ചുപോയിരിക്കുന്നു.

ഇയ്യിടെ റൊമേനിയായുടെ ഒരു ഭാഗത്തു നഭോമണ്ഡലത്തിൽ വളരെ ശക്തിയുള്ള 'സെർച്ചലൈറ്റ്' വെളിച്ചത്തുകൂടിയ ഒരു വിമാനം പ്രത്യക്ഷപ്പെടുകയും ഏകദേശം പത്തു മിനിട്ടു സമയം പ്രധാന പട്ടണത്തിനു മുകളിൽ യാത്രചെയ്തശേഷം അവിടത്തെ സൈന്യം കിടക്കുന്ന സ്ഥലത്തിന്റെ മുകൾഭാഗത്തെത്തുകയുമുണ്ടായി. റൊമേനിയാക്കാർ ഇതു കണ്ടയുടനെ രണ്ടുപ്രാവശ്യം വെടിവെയ്ക്കുകയാൽ വിളക്കു കെട്ടുത്തി വിമാനം മറഞ്ഞുപോയതായും കാണുന്നു.

മോട്ടോർ കപ്പലുകൾ പണി ചെയ്യിക്കുന്നതിനായി പത്തുലക്ഷം പവൻ മൂലധനത്തോടുകൂടി ലണ്ടനിൽ ഒരു കമ്പനി ആരംഭിച്ചിരിക്കുന്നു.

പ്രാൻസിൽ പെർസെയിൽ പട്ടണത്തിൽ കഴിഞ്ഞ ഡിസംബർ ൫-ാംനു- ഒരു പടയാളിക്കു പകരുന്ന വ്യാധി പിടിപെട്ടു കിടക്കയിൽ അടുക്കൽ ചെല്ലുന്നതു അപകടകരമാണെന്നു ഡോക്ടർ പറഞ്ഞിട്ടും കൂട്ടാക്കാതെ തന്റെ കടത്തെ ഓർത്തു സൈന്യത്തിന്റെ കപ്പോൻ പാടി ദിനക്കാരനെ ചെന്നു കണ്ടു അന്ത്യകൂദാശകൾ കൊടുക്കയും മരിക്കുന്നതുവരെ സഹായിച്ചുകൊണ്ടിരിക്കയും ചെയ്തു. ൩൪ വയസ്സുമാത്രമുള്ള ഇദ്ദേഹം പരസ്നേഹത്തിന്റെ സഹതാ ആയിട്ടു അന്നു രാത്രി തന്നെ അതേദീനത്താൽ മരിക്കയും ചെയ്തു.

അമേരിക്കായിൽ ചെന്നൂർ പട്ടണത്തിൽ അമലോത്ഭവ മാതാവിന്റെ സഭക്കാരായ കന്യാസ്ത്രീകളുടെ മഠത്തിൽ കഴിഞ്ഞ ഡിസംബർ ൩൦-ാംനു- വ്യാഴം പുതു കന്യാസ്ത്രീകൾ പറഞ്ഞൊപ്പു ചെയ്കയും, ൩൨ അസ്ത്രീരാത്തു കുട്ടികൾ സഭാവസ്ത്രം ധരിക്കയുമുണ്ടായി.

ബൊംബെയിൽ നിന്നും ൨൦൦൦ ടൺ മണ്ണെണ്ണ കയറ്റിക്കൊണ്ടു ഗൊവായിലെക്കു പുറപ്പെട്ട ഒരു പത്തേമാരി ബാങ്കോട്ടിനടുത്തു എത്തിയപ്പോൾ അഗ്നിബാധയുണ്ടായി മുഴുവൻ നശിച്ചുപോയിരിക്കുന്നു. അതിലുണ്ടായിരുന്നവർ ചാടി സഹിക്കുവാധിയാതായപ്പോൾ ഒരുതടി വെള്ളത്തിലെടുത്തിട്ടു അതിൽ പിടിച്ചു കിടക്കുകയും അതിലെ കടന്നുപോയ ഒരു തീക്കപ്പൽക്കാർ കണ്ടു അവരെ രക്ഷപ്പെടുത്തുകയും ചെയ്തു.

നിഷ്ക്രൂരതിയായ റിട്ടാനിക്കുപ്പലിൻറെ പണിനടന്നുകൊണ്ടിരിക്കുമ്പോൾ ചിലപണിക്കാർ "ഇതൊരിക്കലും മുങ്ങുകയില്ല. ദൈവമെന്നുപറയുന്നയാൾക്ക് ഇതു മുക്കുവാൻ സാധിക്കുന്നതല്ല" എന്നുപറഞ്ഞിരുന്നു. എന്നാൽറിട്ടാനിക്ക് അതിൻറെ ആദ്യപ്രയാണത്തിൽവെച്ചുതന്നെ അറാലാൻറിക്ക് സമുദ്രത്തിൽ താണുപോകയാണല്ലൊഉണ്ടായതു. കപ്പൽ നയിക്കുന്നതിനു നിശ്ചയിക്കപ്പെട്ടിരുന്നവരിൽ ഒരുവനായിരുന്നഒരു ചെറുപ്പക്കാരനായഎഞ്ചിനീയർ ഇതുദൈവരക്ഷണംപലപ്പോഴും കേട്ടിട്ടുണ്ടായിരുന്നതിനാൽ യാത്രതുടങ്ങുന്നതിനുള്ള സമയം സമീപിച്ചപ്പോൾഅത്യുത്സാഹഭരിതനായി. തത്സംബന്ധമായി അയാളുടെ അപ്പന് എഴുത്തയച്ചിട്ട് കിട്ടിയമറുപടി അന്ധവിശ്വാസം ഗണ്യമാക്കാതെ ആ സമുദ്രയാണം ചെയ്യേണ്ടതാണെന്നുതന്നെയായിരുന്നു. അതനുസരിച്ചു പുറപ്പെട്ടതിനാൽ അയാളും അനവധിസഹചരന്മാരോടുകൂടെഅറാലാൻറിക്കുമഹാസമുദ്രത്തെ തൻറെ ശവകുടീരമാക്കുവാൻ നിർബ്ബന്ധിതനായിതീർന്നുവെന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ.

ക്രൂത്താട്ടുകുളത്തു മാറിക്കപ്പള്ളിയിൽ കഴിഞ്ഞമാസം ൧൯-ാംതീയതി വി. സെബസ്ത്യാനോസിൻറെ തിരുനാൾ പ്രമാണിച്ചുണ്ടായ കരിമരുന്നു പ്രയോഗം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു തീപ്പൊരി വെടിമരുന്നുകലത്തിൽ വീണതിൻറെ ഫലമായി പലേ അപകടങ്ങൾ നേരിട്ടിരിക്കുന്നു. വളരെ ആളുകൾക്കു കഠിനമായ പരുക്കുകൾ കിട്ടിയിട്ടുള്ളതിനും പുറമെ രണ്ടു വയസ്സു പ്രായമുള്ള ഒരു ആൺകുട്ടിയും പ്രാപിച്ചു. പള്ളിവകയായ സ്ത്രീധനം ഈ ക്രൂത്തിൽ ലഭിച്ചുപോയി.

കേരളകാളിദാസനെന്നു വിഖ്യാതനായിരിക്കുന്ന മഹാമഹിമശ്രീ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ അഗ്രജനായ അനന്തപുരത്തു രാജരാജവർമ്മ മൂത്ത കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ജനുവരി ൩൧-ാംതീയതി ദേഹവിയോഗം ചെയ്തിരിക്കുന്നു. വയോധിക്യത്തോടുകൂടിയ ആലസ്യമായിരുന്നു മരണഹേതു. ഈ മഹാനുഭാവൻറെ നിര്യാണം പലതുകൊണ്ടും നാട്ടുകാർക്കു ഒരു വലിയനഷ്ടമാണ്.

ബാൾക്കാൻ യുദ്ധം സമാധാനത്തിൽ കലാശിപ്പാൻ ഭാവമില്ല. ബാൾക്കാൻകാർ ചെയ്ത വ്യവസ്ഥകൾക്ക് തുർക്കി ശരിയായ മറുപടി ഇതുവരെയും കൊടുക്കാതെ കാലതാമസം വരുത്തുക മാത്രമാണ ചെയ്തിട്ടുള്ളത്. അടുത്തുകിട്ടിയ കമ്പിയിൽനിന്നുകാണുന്നത്. ൩൰തീയതി ഉച്ചകഴിഞ്ഞു മണിക്കുയുദ്ധം വീണ്ടും ആരംഭിച്ചെന്നാണ്. അഡ്രിയാനോപ്പിളിൻറെനേർക്ക് വലിയതോക്കിൻറെ പ്രയോഗം തുടങ്ങിയിരിക്കുന്നു. റഷ്യാറാജാവിലും സമരം തുടങ്ങിയിട്ടുണ്ട്.

വത്തിക്കാൻതോട്ടങ്ങളിൽ സവാരിചെയ്യേണ്ടതിനാണ്, മാപ്പിപ്പാ തിരുമനസ്സിലേക്ക് വിന്നായിലെ മെത്രാപ്പോലീത്തയായ കാർഡിനൽ നാഗി അവർകൾ, വളരെ കൌതുകമുള്ള രണ്ടു ഫാഗ്രേറിയൻ കുതിരകളെ അയച്ചുകൊടുത്തിരിക്കുന്നു.

നമ്മുടെ മാപ്പിപ്പാ തിരുമനസ്സിലേയ്ക്കു ശിശുക്കളുടെ നേരേ വളരെ വാത്സല്യമാണെന്നു ലോകപ്രസിദ്ധമാണല്ലൊ. ഇംഗ്ലണ്ടിൻറെ ഉത്തരഭാഗത്തുള്ള ഒരു ചെറിയ കുട്ടി, ഒരു എഴുത്തുണ്ടാക്കി, അതു മാപ്പിപ്പായ്ക്കു അയക്കണമെന്നു പറഞ്ഞ് ഇടവകപ്പട്ടക്കാരനെ ഏല്പിച്ചു. കുട്ടിയെതൃപ്തിപ്പെടുത്താൻ എഴുത്ത് അദ്ദേഹം സ്വീകരിച്ചെങ്കിലും, പരിശുദ്ധപിതാവിനു ആ എഴുത്ത് എത്തിച്ചുകൊടുക്കുന്നകാര്യം അസാദ്ധ്യമാണെന്നു അദ്ദേഹം കുട്ടിയോടു പറഞ്ഞു. അവിടത്തെ ബിഷോപ്പു ഇതു എങ്ങിനെയൊ അറിഞ്ഞു. കൊച്ചുകുട്ടികളെ തിരുമനസ്സിലെ മനസ്സിനു എത്രപ്രിയമാണെന്നു തനിക്കു നിശ്ചയമുണ്ടായിരുന്നതിനാൽ മേല്പറഞ്ഞ കത്ത് അദ്ദേഹം വാങ്ങി റോമയിലേക്കു അയച്ചുകൊടുത്തു. തിരുമനസ്സുകൊണ്ടു വളരെ ആനന്ദത്തോടുകൂടി കത്തു സ്വീകരിച്ചു, ഭാഷ ഇറാലിയൻഭാഷയിൽ തർജ്ജമചെയ്യിച്ചു. കത്തു താഴെകാണുംവിധമാണ്.

പ്രിയപിതാവെ, എൻറെ അമ്മാൻ ഒരു കത്തോലിക്കനായിതീരുവാൻ അവടുന്നു ഒരു പ്രാർത്ഥനകഴിക്കുമൊ? മമ്മയും, എഡിയും, മേരിയും അവരുടെ സലാംപറയുന്നു.

അവിടത്തെ പ്രിയകുട്ടി, കത്തുവായിച്ചുകഴിഞ്ഞശേഷം, തിരുമനസ്സുകൊണ്ടു ഏതാനും വരികൾ എഴുതി ഒരു ലെക്കോട്ടിലാക്കി അത് ആ കുട്ടിക്കു അയച്ചുകൊടുക്കേണമെന്നു പറഞ്ഞ് ബിഷോപ്പിനെ ഏല്പിച്ചു. കുട്ടിയുടെ ആഗ്രഹവും. പരിശുദ്ധപിതാവിൻറെ പ്രാർത്ഥനയും ദൈവം കൈക്കൊള്ളാതിരിക്കയില്ലെന്നതന്നെ വിശ്വസിക്കാം. പ്രൊ.തൊ.

അമേരിക്കയിൽ തെക്കാസ് നഗരത്തിൽ ഉപവിയുടെ കന്യാസ്ത്രീകളുടെ വക ഒരു മഠവും ഒരു കോളേജും അടുത്തിക്കു ഇരയായി.

പ്രാസ ശവമ്മെണ്ടു സ്വദേശത്തിൽ വേദത്തെരുക്കം ചെയ്യുന്നെങ്കിലും, അമേരിക്കായിൽ കൊക്കൊ പ്രദേശത്തു വേദം പ്രസംഗിക്കയും നാഗരികവും വിദ്യാഭ്യാസവും പ്രബലപ്പെടുത്തുകയും ചെയ്യുന്ന വകക്കു ൫൭,൦൦൦ പ്രാങ്കു സമ്മാനമായി നി. വ ദിവ്യശ്രീ മൊൻസിഞ്ഞോർ അങ്കുവാർദ്ദ അവർകൾക്കു ഇടയിടനൽകിയിരിക്കുന്നു.

മരണങ്ങൾ.

മലയാളത്തിൽ പലർക്കും അറിവും പരിചയവുള്ള ആളായ വന്ദ്യ ദിവ്യശ്രീ ജരാർദ്ദ ബെക്കാരൊ എന്ന വിശ്രുത കർമ്മലീത്താ മിസ്സ്യോനാരി കഴിഞ്ഞ മാസത്തിൽ റോമായിൽ പരിശുദ്ധ പിതാവിനെ കാണ്മാൻ വന്നിരിക്കയിൽ പെട്ടെന്നുണ്ടായ രോഗമൂർച്ഛയാൽ മരിച്ച വിവരം വ്യസനസമേതം അറിഞ്ഞുകൊള്ളുന്നു. ഇദ്ദേഹം കവുന്നൻ മുതൽ കവുന്നെ വരെ ക. ദി. മൂ. സഭക്കാരുടെ ക്രൂട്ടത്തിൽ പാത്തിരിക്കയിൽ, ശമ്മാച്ചന്മാരെ മൊരാൾ തെളിലോജ്യാ പഠിപ്പിക്കയും, എൽതുരുത്തു സെമിനാരിയിൽ റൈത്തോരായിരിക്കയും, പെ. ബ. ചാവറെ കുറിയാക്കോസ് ഏലിയാ ശ്രീയോരച്ചൻ സഹിതം മുത്തോലി കൊവേന്തക്കു അടിസ്ഥാനമിട്ടുകയും ചെയ്തു. ക്രൂനമ്മാവുങ്കൽ അച്ചടി വേലയിലും പ്രത്യേകം സുറിയാനി കാനോന നമസ്കാരപ്പുസ്തകം അടിപ്പിക്കുന്ന വിഷയത്തിലും വളരെ ഉത്സാഹിച്ചിട്ടുണ്ട്. ഒല്ലൂർ പള്ളിയിൽ വിശുദ്ധ കുബ്ബാനയുടെ കപ്പേള വിശേഷ ആകൃതിയിൽ പണിയിച്ചതും ഇദ്ദേഹമാണ്.

കൊഴുവനാൽപള്ളി ഇടവകക്കാരനും ചങ്ങനാശേരി മിസ്സത്തിന്റെ സെക്രട്ടറിയും ചങ്ങനാശേരി ഫൈസ്സ്രായ ബോർഡിംഗ് ഹൗസുടമയും കർമ്മലകുസുമത്തിന്റെ ഒരുറ്റ ബന്ധുവും ആയിരുന്ന ബ. പൂത്തോട്ടത്തിൽ മാണിയച്ചൻ അവർകൾ ഇക്കഴിഞ്ഞമാസം ൧൦-ാംനു- (നമ്മുടെ കർത്താവിന്റെ ചേരദനാചാരത്തിരുനാൾ ദിവസം) അന്ത്യക്രമാശീർവാദങ്ങളൊക്കയും സുബോധത്തോടെ കൈക്കൊണ്ടു വളരെ അയത്നത്തോടെ നിത്യപിതാവിന്റെ തൃക്കരങ്ങളിൽ തന്റെ ആത്മാവിനെ കയ്യാളിച്ചിരിക്കുന്നു. ഇദ്ദേഹം ഏറണാകുളംമിസ്സത്തിലും ചങ്ങനാശേരിമിസ്സത്തിലും ഉള്ള പല പള്ളികളിൽ ശ്രേയസ്സുരമാറവണ്ണം വികാരിയായിരുന്നിട്ടുള്ള ഒരാളാണ്. ഏകദേശം ആറുമാസക്കാലമായിട്ടു ഇദ്ദേഹം ഉന്മൗദിയും പിത്തോപദവും നിമിത്തം സ്വന്ത ഇടവകയിൽ കിടപ്പിലായിരുന്നു. മരിക്കുമ്പോൾ ഇദ്ദേഹത്തിനു ൬൦ വയസ്സു പ്രായമുണ്ട്. കുറുമ്പനാടത്തുപള്ളി വികാരിയും ചങ്ങനാശേരി മെത്രാനവർകളുടെ ആലോചനക്കാരനുമായ ബ. കൈപ്പൻപ്ലാക്കൻ അബ്രാഹമച്ചനും, കാഞ്ഞിരമറ്റത്തുപള്ളിവികാരി ബ. ക്ലൂക്കമറ്റത്തിൽ മത്തായി അച്ചനും, കൊഴുവനാൽപള്ളി വികാരി മുതലായി വേറെ പല പട്ടക്കാരും മരണസമയത്തു കൂടെ ഉണ്ടായിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്.

കൊഴുവനാൽപള്ളിയിടവക കുഴുപ്പള്ളിൽ ഔസേപ്പു തൊമ്മൻ അവർകൾ തന്റെ ൨൨-ാമത്തെ വയസ്സിൽ കഴിഞ്ഞമാസം ൧൭-ാം നു-യും, പായിക്കാട്ട ഇട്ടി കുഞ്ഞൻ അവർകൾ തന്റെ ൪൦-ാമത്തെ വയസ്സിൽ കഴിഞ്ഞമാസം ൧൪-ാംനു-യും, കർമ്മലകുസുമം വരിക്കാരനായ തൃക്കൊടിത്താനത്തു മണ്ണാകുന്നേൽ മാത്തു ചാക്കോ അവർകളുടെ മാതാവു തന്റെ ൬൦-ാമത്തെ വയസ്സിൽ കഴിഞ്ഞമാസം ൧൮-ാംനു-യും, ആരക്കുഴപള്ളി ഇടവക ഓണാട്ട അന്ന അവർകൾ തന്റെ ൪൨-ാമത്തെ വയസ്സിൽ കഴിഞ്ഞ ഡിസമ്പർ ൧൯-ാംനു- തീയതിയും, കൈപ്പുഴപ്പള്ളിയിടവക പടമറ്റത്തു വടക്കേതിൽ തൊമ്മി അവർകൾ കഴിഞ്ഞമാസം ൨൦-ാംനു-യും, അകപ്പറമ്പുപള്ളി ഇടവക പുത്തൻപുരയിൽ തരിയത്തു മറിയം മകൻ കുഞ്ഞുവറിയത്തു തന്റെ അമ്മത്തിന്നുവേണ്ടുന്ന അന്ത്യക്രമാശീർവാദങ്ങളൊക്കയും സുബോധത്തോടെ തന്റെ സോദരപുത്രനും ടി. പള്ളി വികാരിയുമായ ബ. യൌസേപ്പച്ചനിൽനിന്നു കൈക്കൊണ്ടു തന്റെ ൬൩-ാമത്തെ വയസ്സിൽ കർമ്മല മകരം ൨൫നു- ഉച്ചകഴിഞ്ഞു നാലുമണിക്കു തങ്ങളുടെ ആത്മാവിനെ സ്രഷ്ടാവിന്റെ തൃക്കരങ്ങളിൽ കയ്യാളിച്ചിരിക്കുന്നു.

ഇവരുടെ ആത്മാക്കുലാത്മാ വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.